# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ന്യൂ മാഹി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/1989/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 27/12/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ന്യൂ മാഹി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/1989/2023 തീയ്യതി: 27/12/2023

## കണ്ണൂർ ജില്ലയിലെ ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-02-2023 മുതൽ 14-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 56 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 41 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 15-12-2023 | 23-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-12-2023 | 23-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ -ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീമതി.രാജിമ.എ.സി -സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.സുമതി.ടി.ഒ -സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.നിഖിൽ.കെ - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സെയ്ത്ത.എം.കെ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷീജാമണി. കെ. | സെക്രട്ടറി | 01-04-2022 | 07-04-2022 |
| ശ്രീ. അരുൺ ജിതേഷ്.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-04-2022 | 24-04-2022 |
| ശ്രീമതി.ലസിത.കെ.എ | സെക്രട്ടറി | 25-04-2022 | 10-08-2022 |
| ശ്രീ. അരുൺ ജിതേഷ്.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-08-2022 | 29-08-2022 |
| ശ്രീമതി.ലസിത.കെ.എ | സെക്രട്ടറി | 30-08-2022 | 20-09-2022 |
| ശ്രീ. അരുൺ ജിതേഷ്.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-09-2022 | 02-10-2022 |
| ശ്രീമതി.ലസിത.കെ.എ | സെക്രട്ടറി | 03-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പ്രിയ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.സന്തോഷ് കുമാർ. ടി. വി. | മെഡിക്കൽ ഓഫീസർ -ജി എ ഡി | 01-04-2022 | 31-03-2023 |
| ഡോ. സീമ. പി. എസ്. | മെഡിക്കൽ ഓഫീസർ -ജി എച്ച് ഡി | 01-04-2022 | 31-03-2023 |
| ഡോ.സുജയ് മോഹൻദാസ് | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. സജിത്ത് പ്രസാദ്. | മെഡിക്കൽ ഓഫീസർ -എഫ് എച്ച് സി | 01-04-2022 | 16-05-2022 |
| ഡോ.രോഷ്ന രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ -എഫ് എച്ച് സി | 17-05-2022 | 31-03-2023 |
| ശ്രീ.മുസ്തഫ.എൻ.എം | ഹെഡ് മാസ്റ്റർ | 30-04-2022 | 15-06-2022 |
| ശ്രീ.സജീവ്.ടി.കെ | ഹെഡ്മാസ്റ്റർ | 16-06-2022 | 04-07-2022 |
| ശ്രീ.രഞ്ജിത്ത് കുമാർ.എം | ഹെഡ്മാസ്റ്റർ | 05-07-2022 | 31-03-2023 |
| ശ്രീമതി. രസിത. കെ. | വി.ഇ.ഒ. ന്യൂമാഹി | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| എം. | | | |
| ശ്രീമതി. രജി തുണ്ടോളി | വി.ഇ.ഒ. കുറിച്ചിയിൽ | 01-04-2022 | 31-03-2023 |
| ശ്രീമതി. ജീന കോറോത്ത് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| ശ്രീമതി.രമ കുറ്റിക്കാട്ടിൽ | ഐ സി ഡി എസ് സൂപ്പർവൈസർ | 16-01-2023 | 31-03-2023 |
| ശ്രീമതി. അഗിഷ. എസ്. | കൃഷി ഓഫീസർ | 01-04-2022 | 02-08-2022 |
| ശ്രീമതി.ഷെറിൻ ജോസ് | കൃഷി ഓഫീസർ | 03-08-2022 | 10-10-2022 |
| ശ്രീമതി.പ്രീത.കെ | കൃഷി ഓഫീസർ | 11-10-2022 | 21-11-2022 |
| ശ്രീമതി.രശ്മി | കൃഷി ഓഫീസർ | 22-11-2022 | 31-03-2023 |
| ശ്രീ. റിജുൽ രാജ് | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 07-06-2022 |
| ശ്രീമതി.സരിത.കെ.വി | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 08-06-2022 | 31-03-2023 |
| ശ്രീ.സുഭാഷ്.എസ്.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 10-08-2022 | 31-03-2023 |
| ശ്രീ. അരുൺ ജിതേഷ്.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |

ഹെഡ് മാസ്റ്റർ - 01.04.2022 മുതൽ 29.04.2022വരെ ഒഴിവ് ഐ സി ഡി എസ് സൂപ്പർവൈസർ - 06.01.2023 മുതൽ 15.01.2023 വരെ ഒഴിവ് ഡയറി ഫാം ഇൻസ്ട്രക്ടർ - 01-04-2022 മുതൽ 09-08-2022 വരെ ഒഴിവ്

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | സർക്കാരിലേക്ക് അടവാക്കാനുള്ള തുക യഥാസമയം അടവാക്കിയിട്ടില്ല | 1-1-5 |
| 7 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കത്തവയുടെ വിവരം ബി -18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല | 1-1-7 |
| 9 | ലൈഫ് ലോണിൽ എസ്.സി.പി ഫണ്ടിനത്തിലുള്ള തുക കുറവ് ചെയ്തിട്ടില്ല | 1-1-8 |
| 10 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ഗുണഭോക്തൃ വിഹിതമിനത്തിലുള്ള ₹76233 ന്റെ വ്യക്തത വരുത്തിയിട്ടില്ല | 1-1-10 |
| 12 | കേപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല | 1-1-11 |
| 13 | സ്റ്റോക്ക് ഇൻ ഹാൻഡ് കാലികമാക്കിയിട്ടില്ല | 1-1-12 |
| 14 | ഫെസ്റ്റിവൽ അഡ്വാൻസ് യഥാർത്ഥത്തിലുള്ള നീക്കിയിരിപ്പും ബി-18 പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | മാനവൽ ഏ.സി.ആർ സൂക്ഷിച്ചിട്ടില്ല | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഫണ്ട് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമപദ്ധതികൾ | 1-7 |
| 22 | പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെടുന്നത് | 1-7-1 |
| 23 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 24 | ആഭ്യന്തര നിയന്ത്രണം | 1-9 |

| | | |
|---|---|---|
| 25 | ഗ്രാമ സഭ | 1-10 |
| 26 | വസ്തു നികുതി സംബന്ധിച്ച അപാകങ്ങൾ. | 1-11 |
| 27 | വിവാഹം നടന്ന/നടക്കുന്ന ഓഡിറ്റോറിയം/കൺവെൻഷൻ സെന്ററുകൾ സഞ്ചയയിൽ ഉൾപ്പെട്ടിട്ടില്ല-അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തി നികുതി ഈടാക്കേണ്ടതാണ്. | 1-11-1 |
| 28 | കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃത വസ്തു നികുതി ഈടാക്കുന്നില്ല. | 1-11-2 |
| 29 | കെട്ടിടങ്ങളെ വസ്തു നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കി. | 1-11-3 |
| 30 | 60ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള പാർപ്പിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി. | 1-11-4 |
| 31 | 100 ച.മീറ്റർ കൂടുതലുള്ള വാണിജ്യ സ്ഥാപനത്തെ 100 ചതുരശ്രമീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള കെട്ടിടത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഈടാക്കി. | 1-11-5 |
| 32 | കെട്ടിങ്ങളുടെ ഉപയോഗക്രമത്തിലെ വ്യത്യാസം-ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ മാറ്റം വരുത്തേണ്ടതാണ്. | 1-11-6 |
| 33 | എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ്-അപാകങ്ങൾ | 1-12 |
| 34 | തൊഴിൽ നികുതി-സ്ഥാപനങ്ങളെ ഡാറ്റ ബേസിൽ ഉൾപ്പെടുത്തി നികുതി ശോഷണം ഒഴിവാക്കേണ്ടതാണ്. | 1-13 |
| 35 | തനത് ഫണ്ട് പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-14 |
| 36 | പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് പ്രവൃത്തി നടപ്പാക്കിയില്ല - രേഖകൾ ഹാജരാക്കിയിട്ടില്ല-₹220000 തടസ്സപ്പെടുത്തുന്നു | 1-15 |
| 37 | പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന് തുക നൽകിയത്-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ₹30000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-16 |
| 38 | ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി ജല ശുദ്ധീകരണ ശാല നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങൽ -പ്രൊജക്ടിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിച്ചിട്ടില്ല - ₹635795 തടസ്സപ്പെടുത്തുന്നു. | 1-17 |
| 39 | സർക്കാർ നിർദ്ദേശം പാലിക്കാതെ വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം ഒടുക്കിയത്-₹4,00,100 തടസ്സപ്പെടുത്തുന്നു | 1-18 |
| 40 | മട്ടുപ്പാവിൽ പച്ചക്കറി കൃഷിക്ക് മൺചട്ടിവിതരണം -പ്രൊജക്ടിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നടപ്പാക്കി ₹480000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 41 | കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത പദ്ധതികൾ ആവശ്യത്തിന് ഗുണഭോക്താക്കളില്ലാതെയുള്ള തുക വകയിരുത്തലും വിതരണ ക്രമത്തിലെ അപാകങ്ങളും ചെലവ് തുക ₹70000 തടസ്സപ്പെടുത്തുന്നു | 1-20 |
| 42 | മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-21 |

| | | |
|---|---|---|
| 43 | പ്ലാസ്റ്റിക ശേഖരണ കേന്ദ്രം പ്രവൃത്തി പൂർത്തിയായിട്ടില്ല | 1-22 |
| 44 | എഫ് എച്ച് സിയിൽ കഫ്റ്റീരിയ -പ്രവർത്തനക്ഷമമാകാത്തത് | 1-23 |
| 45 | ഫൈബർ റി എൻഫോഴ്സ്ഡ് വള്ളം -രേഖകൾ ലഭ്യമല്ല ₹4,49,100 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |
| 46 | മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത വള്ളങ്ങൾക്ക് ഇൻസുലേറ്റഡ് ഫിഷ് ഹോൾഡിങ്ങ് പെട്ടികൾ വാങ്ങുന്നതിന് -രേഖകൾ ലഭ്യമല്ല-ചെലവ് തുക₹33349 തടസ്സപ്പെടുത്തുന്നു | 1-25 |
| 47 | കോക്ലിയാർ ഇംപ്ലാന്റ് ഉപകരണ മെയിന്റനൻസിന് സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം നൽകൽ-വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തുക ₹50000 തടസ്സപ്പെടുത്തുന്നു | 1-26 |
| 48 | അങ്കണവാടികൾക്ക് വേയിങ് മെഷീൻ വാങ്ങൽ-ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | 1-27 |
| 49 | ഭവനപുനരുദ്ധാരണം -പൊതു വിഭാഗം -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ 187800രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-28 |
| 50 | വ്യക്തിഗത സ്വയം തൊഴിൽ സംരംഭത്തിന് സബ്സിഡി നൽകൽ വനിതകൾക്ക്-അപാകങ്ങൾ ₹270000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-29 |
| 51 | കൗമാക്കാരായ പെൺകുട്ടികൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം ബോധവൽക്കരണം -രേഖകൾ ലഭ്യമല്ല ₹49,800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-30 |
| 52 | സാന്ത്വന പരിചരണം -മരുന്നുകൾ പൂർണ്ണമായും ലഭ്യമല്ല ₹1,16,064 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-31 |
| 53 | മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭ്യമല്ല-₹ 122931 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-32 |
| 54 | സമഗ്ര ആരോഗ്യപരിപാടി പ്രതിരോധപ്രവർത്തനങ്ങൾ -രേഖകൾ ലഭ്യമല്ല ചെലവ്തുക 11,050 രൂപ തടസ്സപ്പെടുത്തുന്നു | 1-33 |
| 55 | FHC-യിൽ ജനറേറ്ററും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ പദ്ധതി പൂർത്തീകരണ വിവരം ലഭ്യമല്ല ₹8,19,607/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-34 |
| 56 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷികവരവ് ചെലവ് കണക്കുകൾ ലഭ്യമാക്കിയിട്ടില്ല | 1-35 |
| 57 | കുനിയിൽ ഗവ.സ്കൂളിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -രേഖകൾ ഹാജരാക്കിയിട്ടില്ല -₹137814 തടസ്സപ്പെടുത്തുന്നു. | 1-36 |
| 58 | കുനിയിൽ ഗവ.സ്കൂളിൽ വയർലെസ്സ് മൈക്ക് സെറ്റ് ,ആംപ്ലിഫയർ സ്പീക്കർ,പോഡിയം വാങ്ങൽ -സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല-₹52000 തടസ്സപ്പെടുത്തുന്നു. | 1-37 |

| | | |
|---|---|---|
| 59 | തനതു വിഭവ സമാഹരണം-പൊതു അവലോകനം. | 1-38 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്കുകൾക്കായി ലഭിച്ച ഫണ്ടുകളുടെ വിവരങ്ങൾ | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ന്യൂമാഹി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 12.07.2023 ലെ 162/2023 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 19.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ന്യൂമാഹി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ന്യൂമാഹി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
27.12.2023

## 1-1-1 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/(Decrease) In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹1142887യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating Activities" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹6063942യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-2 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി, വാടക വരവ് എന്നിവ മാർച്ച് മാസാവസാനമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-3 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1.തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

2. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62f പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

4.2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ (നോട്ട് ഓൺ അക്കൗണ്ട് )വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-4 ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

B-11 Schedule പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

## 1-1-5 സർക്കാരിലേക്ക് അടവാക്കാനുള്ള തുക യഥാസമയം അടവാക്കിയിട്ടില്ല

1.ബി- 4 Scheduleപ്രകാരം Donations To CMDRF ഇനത്തിൽ ₹6600 യഥാസമയം അടവാക്കിയിട്ടില്ല. പ്രസ്തുത തുക ബാദ്ധ്യതയായി ബി 9 ഷെഡ്യൂളിൽ ഉൾപ്പെടുത്താതിരുന്നതിന് വ്യക്തത വരുത്തേണ്ടതാണ്.
2.ബി-9 ഷെഡ്യൂളിലെ Flood Cess ഇനത്തിലുള്ള ₹ 1103 അടവാക്കിയിട്ടില്ല

## 1-1-6 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

1.ദുരിതാശ്വാസ നിധി ബി-2 ഷെഡ്യൂൾ പ്രകാരം ₹ 83582 ആണ്. ബി-17,ആർ.പി.40(ബി) എന്നിവ പ്രകാരം ₹ 83082 ആണ്. ₹500 ടെ വ്യത്യാസം വ്യക്തമാക്കിയിട്ടില്ല
2.ബി-4 ഷെഡ്യൂൾ പ്രകാരം സി.എഫ്.സി (ടൈഡ്, അൺടൈഡ്) നീക്കിയിരിപ്പ് ₹3566624 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം(സി.എഫ്.സി) ₹ 1137000 ഉൾപ്പെടെ)ആണ്.എന്നാൽ ബി-17,ആർ.പി.40(ബി) എന്നിവ പ്രകാരം ₹ 43,96,448 ആണ് നീക്കിയിരിപ്പുള്ളത്. ₹829824 ടെ വ്യത്യാസം വ്യക്തമാക്കിയിട്ടില്ല
3-സി.എഫ്.സി(അൺടൈഡ്)എ സി ആർ പ്രകാരം ബാങ്ക് വരവ് 23,81,000ആണ്. എന്നാൽ ആർ.പി.30 ഷെഡ്യൂളിൽ 28,81,000 വരവ് ഉണ്ട് . ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹5,00,000 തെറ്റായി വരവ് വെക്കുകയും അത്രയും തുക തന്നെ നീക്കിയിരിപ്പിലും കാണിച്ചിട്ടുണ്ട്.

## 1-1-7 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കത്തവയുടെ വിവരം ബി -18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല

പി.ഡബ്യു.ഡിക്ക് ഡെപ്പോസിറ്റിനത്തിൽ നൽകിയ താഴെ പറയുന്ന തുകയുടെ വിവരം ബി -18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല
1.എഫ് എച്ച്.സിയിൽ ജനറേറ്റർ അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനായി (69/23) ₹ 819607 ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.
2.പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്ക് (92/23) എന്ന പ്രൊജക്ടിനായി പി.ഡബ്യു.ഡി ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ എസ്റ്റിമേറ്റ് അടിസ്ഥാനത്തിൽ ₹220000 ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

## 1-1-8 ലൈഫ് ലോണിൽ എസ്.സി.പി ഫണ്ടിനത്തിലുള്ള തുക കുറവ് ചെയ്തിട്ടില്ല

ലൈഫ് ലോണിൽ വായ്പാ തുക ക്രമീകരിക്കുമ്പോൾ എസ്.സി.പി ഫണ്ടിനത്തിലുള്ള ₹13950 കുറവ് ചെയ്യാതെയാണ് ബി.5 ൽ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത്.

## 1-1-9 ബ്ലോക്ക് പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

ലൈഫ് ഭവന നിർമ്മാണം ( 42/23) എന്ന പ്രൊജക്റ്റിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ₹660869 ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക ബി – 4 ഷെഡ്യൂളിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം (320700204) നീക്കിയിരിപ്പിൽ നിന്ന് കുറവ് ചെയ്തിട്ടില്ല.

### 1-1-10 ഗുണഭോക്തൃ വിഹിതമിനത്തിലുള്ള ₹76233 യ്ക്ക് വ്യക്തത വരുത്തിയിട്ടില്ല

ഗുണഭോക്തൃ വിഹിതമിനത്തിൽ ബി – 4 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള ₹76233 യ്ക്ക് വ്യക്തത വരുത്തിയിട്ടില്ല

### 1-1-11 കേപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല

ബി- 3 ഷെഡ്യൂളിൽ Capital Contribution 2021-22 വർഷത്തെ തുക (₹22619597) തന്നെ ആവർത്തിക്കുന്നു.

### 1-1-12 സ്റ്റോക്ക് ഇൻ ഹാൻഡ് കാലികമാക്കിയിട്ടില്ല

ബി.14 Stock -In-hand മുൻ വർഷത്തെ തുക തന്നെ (₹25000) ആവർത്തിക്കുന്നു

### 1-1-13 ഫെസ്റ്റിവൽ അഡ്വാൻസ് യഥാർത്ഥത്തിലുള്ള നീക്കിയിരിപ്പും ബി-18 പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല

ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ യഥാർത്ഥത്തിലുള്ള നീക്കിയിരിപ്പ് ₹ 20000 ആണ്. എന്നാൽ ബി-18 പ്രകാരം ₹8000 മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു .

### 1-1-14 മാന്വൽ ഏ.സി.ആർ സൂക്ഷിച്ചിട്ടില്ല

ബി-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പുള്ള വിവിധ ഗ്രാന്റുകളുടെ വിവരം രേഖപ്പെടുത്തിയ മാന്വൽ ഏ.സി.ആർ സൂക്ഷിച്ചിട്ടില്ല

## 1-2 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് അംഗീകരിച്ച ഭരണ സമിതി തീരുമാന നമ്പർ/തീയതി | തീരുമാന നമ്പർ 74(1)/2022 തീയതി 30/03/2022 | |
| പുതുക്കിയ ബജറ്റ് അംഗീകരിച്ച തീരുമാന നമ്പർ, തീയതി | തീരുമാന നമ്പർ 71/2023 തീയതി 23/03/2023 | |
| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
| മുന്നിരിപ്പ് | 1,97,64,162 | 1,38,23,249 |
| വരവ് | 13,16,47,700 | 10,22,18,150 |
| ആകെ | 15,14,11,862 | 11,60,41,399 |
| ചെലവ് | 13,06,10,000 | 11,18,50,628 |
| നീക്കിയിരിപ്പ് | 2,08,01,862 | 4,19,0771 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 1,93,62,789 |
| ഓഡിറ്റ് വർഷത്തെ വരവ് | 2,71,43,068 |
| ആകെ | 4,65,05,857 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 2,60,00,181 |
| നീക്കിയിരിപ്പ് | 2,05,05,676 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 41,35,410 |

വികസന ഫണ്ട് ജനറൽ, എസ്.സി.പി,മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ്& അൺടൈഡ് (ട്രഷറി വരവുകൾ), സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം ഡെപ്പോസിറ്റ്, തൊഴിലുറപ്പ് പദ്ധതി, ക്ഷേമ പെൻഷൻ മുതലായവയുടെ വിവരം റസീറ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ മേൽ വരവും ചെലവും ഭാഗികമാണ്. ഒഴിവായിപോയ ഇനങ്ങൾ കൂടി ഉൾപ്പെടുത്തി റസീറ്റ് പേയ്മെന്റ് ഷെഡ്യൂൾ കുറ്റമറ്റതാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | |
|---|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | | | 1,89,31,000 | 1,89,31,000 | 16316503 | 26,14,497 |
| വികസന ഫണ്ട്-എസ്.സി.പി | | | 3,95,000 | 3,95,000 | 3,45,858 | 49,142 |
| മെയിന്റനൻസ്, റോഡ് | | | 21,82,000 | 21,82,000 | 20,85,491 | 96,509 |
| മെയിന്റനൻസ്, നോൺ-റോഡ് | | | 45,71,000 | 45,71,000 | 45,66,682 | 4318 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | ട്രഷറി | | 413833 | 413833 | 413833 | 0 |
| | ബാങ്ക് | 17,60,099 | 35,71,000 | 53,31,099 | 29,01,475 | 24,29,624 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ബേസിക്ക് | ട്രഷറി | | 60,990 | 60,990 | 60,978 | 12 |
| | ബാങ്ക് | 11,86,388 | 23,81,000 | 35,67,388 | 32,57,656 | 3,09,732 |
| നഗര സഞ്ചയ ഗ്രാന്റ് | | | 12,38,989 | 12,38,989 | 12,38,989 | 0 |
| പി എച്ച് സി | | | 60,842 | 60,842 | 60,842 | 0 |
| പി എച്ച് സി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | | | 1,51,760 | 1,51,760 | 78,390 | 73,370 |
| ഐ സി ഡി എസ് -ബോർഡ് സ്ഥാപിക്കൽ | | 19,021 | 0 | 19,021 | 0 | 19,021 |
| ഐ സി ഡി എസ് | | 4,35,088 | 6,03,652 | 10,38,740 | 60,772 | 9,77,968 |
| ടി എസ് സി | | 140267 | 0 | 140267 | 139317 | 950 |
| ശുചി ത്വ മിഷൻ | | 10,00,000 | 0 | 10,00,000 | 5,36,668 | 4,63,332 |
| എം പി ഫണ്ട് | | 2,544 | 71 | 2,615 | 0 | 2,615 |
| മറ്റു ഗവ ഏജൻസി | | 53,000 | 0 | 53,000 | 0 | 53,000 |
| സ്വച്ഛ് ഭാരത് അഭിയാൻ | | 0 | 60,000 | 60,000 | 60,000 | 0 |
| തൊഴിലുറപ്പ് | | 1,410 | 41,35,409 | 41,36,819 | 41,34,366 | 2,453 |

| പദ്ധതി - | | | | | |
|---|---|---|---|---|---|

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | അടങ്കൽ | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ % |
|---|---|---|---|---|---|---|---|
| 165 | 141 | 56013223 | 123 | 18 | 24 | 37872521 | 74.54 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 35 | 10170951 | 6547514 | 29 | 64.37 |
| കൃഷി ഓഫീസർ | 8 | 897450 | 765539 | 8 | 85.30 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 50 | 21438298 | 11707653 | 40 | 54.61 |
| വെറ്റിനറി സർജൻ | 4 | 139000 | 127995 | 4 | 92.08 |
| വി ഇ ഒ- | 20 | 9743495 | 7471172 | 20 | 76.67 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 168983 | 168983 | 2 | 100 |
| അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 4 | 1892689 | 1892689 | 4 | 100 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 12 | 3326106 | 2768169 | 10 | 83.22 |
| മെഡിക്കൽ ഓഫീസർ- എഫ് എച്ച്സി | 14 | 5693399 | 4225854 | 11 | 74.23 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 1 | 1,50,000 | 1,50,000 | 1 | 100 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 2 | 5,75,000 | 5,72,950 | 2 | 99.64 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 621310 | 512298 | 5 | 82.45 |
| ഹെഡ് മാസ്റ്റർ | 7 | 1196542 | 961705 | 5 | 80.37 |
| ആകെ | 165 | 56013223 | 37872521 | 141 | 67.61 |

## 1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | | | | | | |
|---|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി - | അഡ് മിൻ ചെലവ് | 1,410 | 5,72,913 | 5,74,323 | 5,71,870 | 2453 |
| | ഗുണഭോക്താക്കൾക്കുള്ള കൂലി മെറ്റീരിയൽ ചെലവ് | | 35,62,496 | 35,62,496 | 35,62,496 | |
| ആകെ | | 1,410 | 41,35,409 | 41,36,819 | 41,34,366 | 2,453 |

2022-23 സാമ്പത്തികവർഷം ആകെ 83 പദ്ധതികൾ അംഗീകരിച്ചതിൽ 51 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 936 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും 155 പേർ മാത്രമേ തൊഴിലിന് അപേക്ഷിച്ചിട്ടുള്ളൂ. ഇതിൽ 149 പേർക്കും തൊഴിൽ ലഭിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള പൊതു ആസ്തികളുടെ വിവരം ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. സിറ്റിസൻ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിനായി എസ്റ്റിമേറ്റിൽ തുക ഉൾപ്പെടുത്തുന്നുണ്ട്. ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്ക് നൽകിയ മനു അഡ്വവർട്ടൈസ്മെന്റ്, കിടാരിക്കുന്ന് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനാണ് അംഗീകരിച്ചിട്ടുണ്ട്. തൻവർഷം മെറ്റീരിയൽ പ്രവൃത്തികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. അഡ്മിൻ ചെലവ് ആകെ ചെലവിന്റെ 6% മാത്രമേ ചെലവഴിക്കാവൂ എന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.

## 1-7 ക്ഷേമപദ്ധതികൾ

| പെൻഷൻ തരം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 136000 | 11 |
| വിധവാ പെൻഷൻ | 6010800 | 502 |
| അമ്പത് വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1055800 | 106 |
| വാർധക്യകാല പെൻഷൻ | 16480600 | 1471 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 1939400 | 169 |
| വിവാഹ ധനസഹായം | 150000 | 5 |

### 1-7-1 പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെടുന്നത്

പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെടുന്നത് പരിശോധിക്കാനായി ഡെത്ത്
റിപ്പോർട്ടും, ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കുന്ന രേഖകളും വച്ച് റാൻഡം പരിശോധന നടത്തിയപ്പോൾ താഴെ പരാമർശിച്ചവർക്ക് മരണാനന്തരവും പെൻഷൻ വിതരണം നടത്തിയതായി കാണുന്നു .

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | ഡെത്ത് രജിസ്ട്രേഷൻ നം & തീയതി | പെൻഷൻ തരം | പെൻഷൻ നൽകുന്ന സ്ഥാപനം | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | കിഴക്കേ മീനാറത്ത് കൗസു | 690686828482 | 102210600257 | 9.8.2022 | 20220817353 Dt 17.8.22 | (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | തലശ്ശേരി നഗരസഭ | 6/23 വരെ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | സ്കീം) | | |
| 2 | വിജയലക്ഷ്മി സി.സി. | 877415879532 | 2220347710 | 26.8.22 | 914535 Dt20.9.22 | കർഷക പെൻഷൻ | Agriculture Office New Mahi | 5/23,6/23 |
| 3 | അബു പി | 567400599110 | 111530200261 | 6.9.2022 | 72/2022 Dt 26.9.22 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | | 10/22,11/22 |
| 4 | കുഞ്ഞിബീബി പി | 632137084494 | 111530201054 | 11.9.2022 | 74/22dt 10.10.22 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | | 10/22, 11/22, 12/22 |
| 5 | പുരുഷോത്തമൻ. പി | 821458630335 | 111530200330 | 5.10.2022 | 79/22 Dt 12.10.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷന് | | 11/22, 12/22 |

പെൻഷൻ അധികം അക്കൗണ്ട് ചെയ്ത തുക തിരിച്ചടക്കുന്നതിനായി ബാങ്കിന് കത്ത് നൽകിയതായി ഓഡിറ്റ് അന്വേഷണത്തിന് (49/22/12/2023)മറുപടി നൽകിയിട്ടുണ്ട്. ക്രമ നം 1 & 2 ൽ അധികം അക്കൗണ്ട് ചെയ്ത തുക തിരിച്ചടക്കുന്നതിനായി അതാത് സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്. ക്ഷേമപെൻഷൻ വിതരണം സംബന്ധിച്ച ധനവകുപ്പിന്റെ 23.09.2020-ലെ സ.ഉ.(എം.എസ്)97/20-ലെ നിബന്ധനകൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ട കാര്യം ഭരണസമിതിയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നു.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-12-2023 തീയതിയിൽ 2.20 Pm ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹7,049 (ഏഴായിരത്തി നാൽപ്പത്തി ഒൻപത് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

എല്ലാ മാസവും ഓഫീസ് മീറ്റിംഗ് കൂടുന്നില്ല. 4/22, 8/22, 11/22, 1/23, 2/23, 3/23 എന്നീ മാസങ്ങളിൽ യോഗം ചേർന്നിട്ടില്ല. വർഷാന്ത്യത്തിലുള്ള നികുതി പിരിവ് പുരോഗതി, മറ്റ് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവ അവലോകനം ചെയ്യുന്നതിൽ ഇക്കാരണത്താൽ വീഴ്ചയുണ്ടായിട്ടുണ്ട്. ജീവനക്കാരുടെ ചുമതലകൾ പുനഃക്രമീകരിച്ച് ഉത്തരവാക്കിയിട്ടുണ്ട്. ഇൻകമ്പൻസി രജിസ്റ്ററിൽ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ മാത്രമേ ചേർത്തിട്ടുള്ളൂ. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല.

ഓഡിറ്റോറിയം/കൺവെൻഷൻ സെന്ററുകൾ എന്നിവ സഞ്ചയയിൽ ഉൾപ്പെടുത്തുകയോ, നികുതി ഈടാക്കുകയോ ചെയ്യാത്തതിനാലും, കൂട്ടിച്ചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം

നടത്താത്തതിനാലും, 60 ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള പാർപ്പിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതിനാലും വസ്തു നികുതി ചോർച്ച ഉണ്ടായിട്ടുണ്ട്. ഫീൽഡ് പരിശോധന നടത്താത്തതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളെ കണ്ടെത്തിഡാറ്റ ബേസിൽ ഉൾപ്പെടുത്തി തൊഴിൽ നികുതി ഈടാക്കുവാൻ വിട്ടു പോയിട്ടുണ്ട്. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് നിശ്ചയിക്കുന്നില്ല. തനത് വരുമാനം, ശുചിത്വം, മറ്റ് ഏജൻസികളിൽ നിന്നുള്ള വരുമാനങ്ങൾയഥാസമയം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ പലിശരഹിത അക്കൗണ്ടിൽ (ഇപെയ്മെന്റ് അക്കൗണ്ടിൽ)നിലനിർത്തിയതിനാൽ പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നത് ഒഴിവാക്കേണ്ടതാണ്. ഇപ്രകാരം തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്
പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെടുന്നത് ഒഴിവാക്കേണ്ടതാണ്. സ്ഥാപനത്തിലെ ആഭ്യന്തരനിയന്ത്രണം പൊതുവേ തൃപ്തികരമാണ്.

## 1-10 ഗ്രാമ സഭ

2022-23 വർഷം 4 തവണ ഗ്രാമ സഭായോഗങ്ങൾ ചേർന്നിട്ടുണ്ട്. ഗ്രാമസഭകളിൽ ജന പ്രാതിനിധ്യം നിശ്ചിത ക്വാറം തികയുന്നുണ്ട്. (പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ 84/22/ത.സ്വ.ഭ.വ തീയതി 19.4.2022 ഖണ്ഡിക 3.2.3.6) ഗ്രാമസഭ യോഗം അവസാനിച്ചാൽ കോ ഓർഡിനേറ്ററും യോഗത്തിന്റെ അദ്ധ്യക്ഷനും യോഗത്തിൽ പങ്കുത്തിട്ടുള്ള ജനപ്രതിനിധികളും കൂടാതെ ഗ്രാമസഭയോഗത്തിൽ പങ്കെടുത്തിട്ടുള്ള 15 പേരുടെ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം ഗ്രാമസഭാ യോഗങ്ങളിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ വച്ചിട്ടുണ്ട്.

## 1-11 വസ്തു നികുതി സംബന്ധിച്ച അപാകങ്ങൾ.

വസ്തു നികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ്‌വെയർ, അസ്സസ്സ്മെന്റ് രജിസ്റ്റർ തുടങ്ങിയവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

### 1-11-1 വിവാഹം നടന്ന/നടക്കുന്ന ഓഡിറ്റോറിയം/കൺവെൻഷൻ സെന്ററുകൾ സഞ്ചയയിൽ ഉൾപ്പെട്ടിട്ടില്ല-അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തി നികുതി ഈടാക്കേണ്ടതാണ്.

ന്യൂ മാഹി ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ വിവാഹ രജിസ്ട്രേഷൻ രേഖകൾ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന ഓഡിറ്റോറിയം/കൺവെൻഷൻ സെന്ററുകളിൽ വിവാഹം നടന്നിട്ടുണ്ട്.
A.ലോറൽ ഗാർഡൻ ഓഡിറ്റോറിയം
B.സലഫി സെന്റർ പുന്നോൽ
സഞ്ചയ സോഫ്റ്റ് വെയർ, അസ്സെസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഓഡിറ്റോറിയം/അസംബ്ലി ഹാൾ/കൺവെൻഷൻ സെന്റർ എന്ന ഗണത്തിൽ കെട്ടിടങ്ങളൊന്നും ഉൾപ്പെട്ടിട്ടില്ല. മേൽ പരാമർശിച്ച കെട്ടിടങ്ങളെ സഞ്ചയയിൽ മറ്റ് ഗണത്തിൽപ്പെടുത്തി വസ്തു നികുതി ഈടാക്കിയിട്ടുണ്ടോയെന്നറിയുന്നതിനും വിവാഹം, കാറ്ററിംഗ് നടക്കുന്നതിനാൽ ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ടോയെന്നറിയുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.15/18.12.23) ടി കെട്ടിടങ്ങളെ സഞ്ചയ സോഫ്റ്റ്‌വെയറിലും അസ്സെസ്സ്മെന്റ് രജിസ്റ്ററിലും ഉൾപ്പെടുത്തിയിട്ടില്ല എന്നും CRZ ക്ലിയറൻസിനായി 2331/21 നമ്പർ ഫയൽ പ്രകാരം KCZMA തിരുവനന്തപുരത്തേക്ക് അപേക്ഷ സമർപ്പിച്ചിട്ടാണെന്നുമുള്ള മറുപടി ലഭ്യമാക്കി. ലോറൽ ഗാർഡൻ പോലെയുള്ള വൻകിട വിവാഹ ഓഡിറ്റോറിയങ്ങളിൽ നിന്നും വസ്തു നികുതി, ലൈസൻസ് ഫീ ഈടാക്കാത്തതു മൂലം ഈയിനത്തിൽ വൻ നികുതി ശോഷണത്തിന് സാധ്യതയുണ്ട്. അനധികൃത നിർമ്മാണത്തിൽ മേൽ കെട്ടിടങ്ങളെ ഉൾപ്പെടുത്തി നിയമാനുസൃതമായ വസ്തു നികുതി ഈടാക്കി നികുതി ശോഷണം ഒഴിവാക്കേണ്ടതാണ്. കൂടാതെ ലൈസൻസ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽപ്പെടുത്തി ലൈസൻസ് ഫീ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-11-2 കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃത വസ്തു നികുതി ഈടാക്കുന്നില്ല.

2017-18,2018-19,2019-20 വർഷങ്ങളിലെ കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുകൾ പരിശോധിച്ചതിൽ ഏതാനും വാസഗൃഹങ്ങൾക്ക് കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗം കെട്ടിടങ്ങൾക്കും കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയതായി കാണുന്നില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ / കാലാവധി | അധിക നിർമ്മാണത്തിനായി അനുമതി നൽകിയ തറവിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരം നികുതി നിർണയിച്ച തറവിസ്തീർണം (ച.മീ) |
|---|---|---|---|---|---|
| 1 | 6/337 | അനുഷ വിനോദ് | 225788/2018 24.9.18 To 23.09.21 | GF (Existing)- 82.52 FF (Proposed) – 66.66 | 82.9 |
| 2 | 5/241A | കെ മുഹമ്മദ് അലി | 49526/2019 05.03.19 To 05.03.22 | GF (Existing)- 63.39 FF (Existing)- 66.84 SF (Proposed)-48.68 | 130.23 |
| 3 | 7/9 | ഇ പി മുനീർ &ഫർസാന | 154369/18 21.07.18 To20.07.21 | GF (Existing)-139.07 GF (Proposed)-98.99 | 104 |
| 4 | 13/193 | പുതിയ വീട്ടിൽ നഫ്സി | 78484/18 25.04.18 To 24.04.21 | GF (Existing)-54.64 FF (Proposed)-54.64 | 69.44 |
| 5 | 2/74B | ഡേവിഡ് റോൾഡൻ &റോജസ് റോൾഡൻ | 6759/2018 14.02.18 To 13.02.21 | GF (Existing)-61 GF (Proposed)-15.03 FF (Proposed) – 67.48 | 61 |

പെർമിറ്റ് കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ വസ്തുനികുതി പുനർനിർണ്ണയിക്കുകയോ ചെയ്യാത്ത ഇത്തരം കെട്ടിടങ്ങളുടെ നിലവിലെ നിർമ്മാണ ഘട്ടം, പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വസ്തുനികുതി പരിഷ്ക്കരിച്ച് ഈടാക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.36/20.12.23) നിലവിൽ കെട്ടിട നമ്പറുള്ള കെട്ടിടത്തിന് കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾ പൂർത്തീകരിച്ച് നികുതി പുനർനിർണ്ണയിക്കുന്നതിനായി അപേക്ഷ

പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ലായെന്നും കൂട്ടിച്ചേർത്ത നിർമാണം പൂർത്തീകരിച്ച മുഴുവൻ കെട്ടിടങ്ങളുടെയും വിവരശേഖരണത്തിനായി ജി ഐ എസ് മാപ്പിംഗ് പദ്ധതിക്ക് ഊരാളുങ്കൽ സൊസൈറ്റിക്ക് വർക് ഓർഡർ നല്കിയിട്ടുണ്ടെന്നുമുള്ള മറുപടി നൽകി. കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയേറെയാണ്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പു വരുത്താനുമാവില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന കാര്യക്ഷമമായി നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ലായെന്ന് ഉറപ്പു വരുത്തേണ്ടതും നിലവിലുള്ള അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് കൂട്ടിചേർക്കൽ വരുത്തിയതും ഘടനാപരമായ മാറ്റങ്ങൾ വരുത്തിയതുമായ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

## 1-11-3 കെട്ടിടങ്ങളെ വസ്തു നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കി.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207-ൽ വസ്തുനികുതി ഒഴിവാക്കി നൽകാവുന്ന കെട്ടിടങ്ങളെകുറിച്ച് പരാമർശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി ഒഴിവ് ബാധകമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതിയും ഒഴിവാക്കി നൽകിയിട്ടുണ്ട്. കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.2/16.12.23) ലഭ്യമാക്കിയ മറുപടി ഉൾപ്പെടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ/ ഉടമയുടെ പേര് | തറ വിസ്തീർണം (ചതുരശ്ര മീറ്ററിൽ) | രേഖപ്പെടുത്തിയ ഗണം | നികുതി ഒഴിവാ കാനുള്ള കാരണം | ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|---|---|
| 1 | 1/132 | അസിസ്റ്റൻറ് എഞ്ചിനീയർ പി ഡബ്ല്യ ഡി | 94.72 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | രേഖപ്പെടുത്തിയിട്ടില്ല | പഴയ അസ്സസ്സ്മെന്റ് പ്രകാരം പമ്പ് ഹൗസ് ആണ്. വസ്തു നികുതി പുനർ ക്രമീകരിച്ച് ഡിമാൻഡ് നോട്ടീസ് നൽകുന്നതാണ്. |
| 2 | 1/344 | ചെയർമാൻ സെക്രട്ടറി ഐഡിയൽ എജ്യുക്കേഷൻ ചാരിറ്റബിൾ ട്രസ്റ്റ് | 150 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | രേഖപ്പെടുത്തിയിട്ടില്ല | KPR Act 2014 207 പ്രകാരം ഒഴിവാക്കിയത് |
| 3 | 2/88 | എ ബി ബാബു | 46.5 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | രേഖപ്പെടുത്തിയിട്ടില്ല | സ.ഉ (എം എസ്) 358/2015 ഉത്തരവ് പ്രകാരം ഒഴിവാക്കി |
| 4 | 2/113 | സി പി ഇസ്മയിൽ | 59.22 | നികുതി, ഉപനികുതി | രേഖപ്പെടുത്തിയിട്ടില്ല | സ.ഉ (എം എസ്) 358/2015 |

| | | | | | | |
|---|---|---|---|---|---|---|
| | | | | എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | | ഉത്തരവ് പ്രകാരം ഒഴിവാക്കി |
| 5 | 4/117 | വയലക്കണ്ടി റുഖിയത്ത് | 85 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | രേഖപ്പെടുത്തിയിട്ടില്ല | ലഭ്യമാക്കിയിട്ടില്ല |
| 6 | 6/140 | കെ അലി ചെയർമാൻ മുസ്ലിം എജ്യുകേഷൻ ട്രസ്റ്റ് | 62.26 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | രേഖപ്പെടുത്തിയിട്ടില്ല | KPR Act 2014 207 പ്രകാരം ഒഴിവാക്കിയത് |
| 7 | 10/192 | സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റ് | 15 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | രേഖപ്പെടുത്തിയിട്ടില്ല | പഴയ അസ്സെസ്സ്മെന്റ് പ്രകാരം ഷെഡ് ആണ്. |
| 8 | 13/255 | ആലമ്പത്ത് കെ പി അബൂട്ടി | 210 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | രേഖപ്പെടുത്തിയിട്ടില്ല | വിദ്യാഭ്യാസാവശ്യത്തിനുള്ളത് |

സ.ഉ (എം എസ്) 358/2015 തസ്വഭവ ഉത്തരവ് പ്രകാരം തറവിസ്തീർണം 60 ചതുരശ്ര മീറ്ററിൽ കുറവ് വരുന്ന വാസഗൃഹങ്ങളെയാണ് നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് (ക്രമ നമ്പർ 3,4 വാസഗൃഹ ഗണത്തിൽ സഞ്ചയയിൽപ്പെടുത്തിയിട്ടില്ല). മേൽ പരാമർശിച്ച മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതും സഞ്ചയ പ്യൂരിഫിക്കേഷൻ ഓപ്പൺ ആകുന്ന മുറയ്ക്ക് വസ്തു നികുതി പുനർനിർണ്ണയം നടത്തി പിഴപ്പലിശ സഹിതം വസ്തു നികുതി ഈടാക്കേണ്ടതുമാണ്.

## 1-11-4 60ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള പാർപ്പിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി.

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സ.ഉ(എം.എസ്)നം.358/15/തസ്വഭവ തീയതി 16.12.2015 ഖണ്ഡിക 3 പ്രകാരം 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ പാർപ്പിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചതിൽ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ചതുരശ്ര | ഉടമസ്ഥന്റെ പേര് | നികുതി ഒഴിവാകാനുള്ള കാരണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | മീറ്റർ) | | |
| 1 | 2/48 | 77.27 (താഴത്തെ നില) | ടി വി തോമസ് | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 2/245 | 73.72 (താഴത്തെ നില) | കുനിയിൽ അബൂസ്രാപ്പ് | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 5/111 | 71.69 (താഴത്തെ നില) | പറമ്പത്ത് രാധ | രേഖപ്പെടുത്തിയിട്ടില്ല |
| 4 | 5/115 | 72 (താഴത്തെ നില) | സതി, ശാന്ത, സരസു, പുഷ്പ, രതി, ഉദയൻ | രേഖപ്പെടുത്തിയിട്ടില്ല |

മേൽ പരാമർശിച്ച കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.4/16.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന നടത്തേണ്ടതും സഞ്ചയ പ്യൂരിഫിക്കേഷൻ ഓപ്പൺ ആകുന്ന മുറയ്ക്ക് വസ്തു നികുതി പുനർനിർണയം നടത്തി പിഴപ്പലിശ സഹിതം വസ്തു നികുതി ഈടാക്കേണ്ടതുമാണ്.

## 1-11-5 100 ച.മീറ്റർ കൂടുതലുള്ള വാണിജ്യ സ്ഥാപനത്തെ 100 ചതുരശ്രമീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള കെട്ടിടത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഈടാക്കി.

സഞ്ചയ അസ്സെസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം താഴെ കൊടുക്കുന്ന 100 ചതുരശ്രമീറ്ററിൽ കൂടുതലുള്ള വാണിജ്യ സ്ഥാപനത്തെ 100 ചതുരശ്രമീറ്റർ വരെയുള്ള കെട്ടിടത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിശ്ചയിച്ചു.

| കെട്ടിട നമ്പർ | സ്ഥാപന ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | കെട്ടിടത്തിന്റെ ഉപയോഗക്രമം (സഞ്ചയ പ്രകാരം) | ഈടാക്കിയ നികുതി (രൂപയിൽ ) | ഈടാക്കേണ്ടത് (രൂപയിൽ ) | കുറവ് വന്ന തുക (രൂപയിൽ ) |
|---|---|---|---|---|---|---|
| 1/45C | കുഴിച്ചാൽ പൊന്ന മ്പത്ത് യാസ്സർ | 112.75 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 60രൂപ/ച.മീറ്റർ<br>112.75*60=6765/- വഴി സൗകര്യം 5 മീറ്ററിൽ കൂടുതൽ 20% വർദ്ധനവ്=1353/- ലൈബ്രറി സെസ് (5%)=405.9<br>ആകെ = 8524/- | 70രൂപ/ ച.മീറ്റർ<br>112.75*70=7892.5 വഴി സൗകര്യം 5 മീറ്ററിൽ കൂടുതൽ 20% വർദ്ധനവ് =1578.5/- ലൈബ്രറി സെസ്(5%) =473.55<br>ആകെ = 9945/- | 1421/- |

മേൽ അപാകത്തിന് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.13/18.12.23) സഞ്ചയ സോഫ്റ്റ്‌വെയറിൽ മേൽ കെട്ടിടത്തിന്റെ നികുതി റിവിഷൻ ചെയ്ത് തുക ഈടാക്കുന്നതിനായി 5086/2023 ഫയൽ നമ്പർ ആയി ടാക്സ് റിവിഷൻ പ്രോസസ്സ് ആരംഭിച്ചിട്ടുണ്ടെന്ന മറുപടി നൽകി. വസ്തു നികുതി പുനർനിർണ്ണയിച്ച് പിഴപ്പലിശ സഹിതം ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11-6 കെട്ടിങ്ങളുടെ ഉപയോഗക്രമത്തിലെ വ്യത്യാസം-ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ മാറ്റം വരുത്തേണ്ടതാണ്.

ന്യൂ മാഹി ഗ്രാമപഞ്ചായത്തിൽ 2022-23 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം

വ്യത്യസ്തമാണെന്ന് കണ്ടു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സ്ഥാപന വിവരം | വാർഡ്/കെട്ടിട നമ്പർ | സഞ്ചയയിൽ രേഖപ്പെടുത്തിയ ഉപയോഗക്രമം |
|---|---|---|---|---|
| 367 | അബ്ദുൾ റഹീം | ചിക്കൻ സ്റ്റാൾ | 10/139 | നികുതി ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടം |
| 175 | കായനാടത്ത് ശ്രീധരൻ | അനാദി കച്ചവടം | 5/203 | പാർപ്പിടാവശ്യം |
| 334 | നബീൽ ഉപ്പലത്ത് ആലമ്പത്ത് | എ എഫ് സി | 13/395,396 | സഞ്ചയയിൽ ലഭ്യമല്ല |
| 41 | കെ പി ഹാരിസ് | ഫ്ളോർമിൽ | 10/216 | നികുതി ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടം |
| 208 | അഭിലാഷ് കെ | ഏജൻസീസ് | 3/42A | വ്യവസായാവശ്യത്തിനുള്ളവ, കൈത്തറി ഷെഡ് കയർ പിരി ഷെഡ്ഡ് |

മേൽ അപാകത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.14/18.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന നടത്തേണ്ടതും ഉപയോഗക്രമത്തിന്റെ നിജസ്ഥിതി വ്യക്തമാക്കി സഞ്ചയയിൽ പ്യൂരിഫിക്കേഷൻ ഓപ്പൺ ആകുന്ന മുറയ്ക്ക് ആവശ്യമായ മാറ്റം വരുത്തി നികുതി പുനർനിശ്ചയിക്കേണ്ടതാണ്.

## 1-12 എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ്-അപാകങ്ങൾ

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ (സ ഉ (പി) നം 80/2017/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചത്) ചട്ടം 7,പട്ടിക II പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്.

ലൈസൻസ് ഫീ ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നീ സംരംഭങ്ങൾക്ക് ഉൽപ്പാദന വിഭാഗത്തിനും സേവന വിഭാഗത്തിനും ലൈസൻസ് ഫീ നിശ്ചയിച്ചതുമായി ബന്ധപ്പെട്ട പഞ്ചായത്ത് തീരുമാനം ലഭ്യമാക്കിയിട്ടില്ല.

2.താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപാടിസ്ഥാനത്തിലല്ല ലൈസൻസ് ഫീ ഈടാക്കിയത്. കൂടിയ മൂലധന നിക്ഷേപത്തിന് കുറവ് ലൈസൻസ് ഫീ ഈടാക്കി.

| ലൈസൻസ് ഫീ ഡിമാൻഡ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനം | വാർഡ് /കെട്ടിട നമ്പർ | സ്ഥാപന ഉടമയുടെ പേര് | മൂലധനനിക്ഷേപം (അപേക്ഷ പ്രകാരം) | ഈടാക്കിയ ലൈസൻസ് ഫീ(രൂപയിൽ) |
|---|---|---|---|---|---|
| 127 | നൂൺ എക്സ്പ്രസ് മാർട്ട് | 10/455 To462 | ഇസ്മത്ത് നൂൺ&അബൂട്ടി | 50,00,000 | 1000 |
| 281 | സൂപ്പർ മാർക്കറ്റ് | 9/53 | സഹീർ പി | 24,00,000 | 1500 |

3.ഒരേ സ്ഥാപന ഉടമയുടെ ഒരേ മൂലധന നിക്ഷേപം രേഖപ്പെടുത്തിയ വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത

ലൈസൻസ് ഫീ ഈടാക്കിയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

| ലൈസൻസ് ഫീ ഡിമാൻഡ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനം | വാർഡ് /കെട്ടിട നമ്പർ | സ്ഥാപന ഉടമയുടെ പേര് | മൂലധന നിക്ഷേപം (അപേക്ഷ പ്രകാരം) | ഈടാക്കിയ ലൈസൻസ് ഫീ (രൂപയിൽ) |
|---|---|---|---|---|---|
| 171 | സംസം പോളിമേഴ്സ് | 9/68 | ടി എ ഫൗസിയ | 20,00,000 | 1000 |
| 172 | സെഞ്ച്വറി ഹൌസ് ഹോൾഡ് പ്രൊഡക്ഷൻസ് | 9/146 | ടി എ ഫൗസിയ | 20,00,000 | 1500 |

ചട്ടപ്രകാരം മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് യഥാക്രമം 500, 1000, 5000, 10000, 15000 എന്നിരിക്കെ ചട്ട വിരുദ്ധമായി ലൈസൻസ് ഫീസ് 200, 300, 1500 എന്നിങ്ങനെ ഫീ ഈടാക്കിയതിന്റെ കൃത്യത ഭരണ സമിതി തീരുമാനം ലഭ്യമാക്കാത്തതിനാൽ വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.1/16.12.23) മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നീ സംരംഭങ്ങൾക്ക് ഉൽപ്പാദന/സേവന വിഭാഗത്തിന് ലൈസൻസ് ഫീ നിശ്ചയിച്ചതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് തീരുമാനം കൈക്കൊണ്ടിട്ടില്ലായെന്നും തെറ്റായി ലൈസൻസ് ഫീ ഈടാക്കിയത് 2023-24 വർഷങ്ങളിൽ ക്രമീകരിച്ച് വരുന്നുണ്ടെന്നും മറുപടി അറിയിച്ചു. പഞ്ചായത്ത് ഇതുമായി ബന്ധപ്പെട്ട് തീരുമാനം കൈക്കൊള്ളാത്തതിനാൽ മേൽ സൂചിപ്പിച്ച ചട്ടം 7 പട്ടിക ii പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ നിശ്ചയിക്കേണ്ടതാണ്. മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾക്ക് പ്രത്യേകം ഫീ ഈടാക്കാത്തതിനാൽ 200, 300, 1500 ലൈസൻസ് ഫീ ഈടാക്കുന്നത് ശരിയല്ല. ചട്ട പ്രകാരമുള്ള ലൈസൻസ് ഫീ മൂലധന നിക്ഷേപം ഉറപ്പു വരുത്തി ഈടാക്കേണ്ടതും മേൽ പരാമർശിച്ച സ്ഥാപനങ്ങളുടെ ലൈസൻസ് ഫീ മൂലധന നിക്ഷേപാടിസ്ഥാനത്തിൽ ക്രമപ്പെടുത്തേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി-സ്ഥാപനങ്ങളെ ഡാറ്റ ബേസിൽ ഉൾപ്പെടുത്തി നികുതി ശോഷണം ഒഴിവാക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 16, 17 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. 2022-23 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളെ ഡാറ്റ ബേസിൽ ഉൾപ്പെടുത്തി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

പെരിങ്ങാടി അൽഫലാ ഇസ്ലാമിക് കോളേജ് എന്ന വിദ്യാഭ്യാസ സ്ഥാപനം, കൂടാതെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ ഇൻഡക്സിൽ ഉൾപ്പെടുത്തിയ കൊട്ടാരം ഫർണിച്ചേർസ്, ചന്തു നായർ ആൻഡ് സൺസ്, ബൽറാം ട്രേഡേഴ്സ്, മുകുന്ദൻ പാർക്ക് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ വിവരം/രേഖകൾ ലഭ്യമല്ല. ജീവനക്കാരുടെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് സ്ഥാപന ഉടമകൾക്ക് നൽകിയ ഡിമാൻഡ് നോട്ടീസും സ്ഥാപന ഉടമ സമർപ്പിച്ച റിട്ടേണുകളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.2/16.12.23) മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന മറുപടി നൽകി.സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡാറ്റാ ബേസിൽ ഉൾപ്പെടുത്തേണ്ടതും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതും നികുതി ശോഷണം ഒഴിവാക്കേണ്ടതുമാണ്.

2.എഫ്.ടി ഇ & ഒ എസ് ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

എഫ്.ടി ഇ & ഒ എസ് ലൈസൻസ് എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ലൈസൻസ് ഡിമാൻഡ് രജിസ്റ്ററിലെ ക്രമ.നം. | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | ജോലിക്കാരുടെ എണ്ണം (അപേക്ഷയിൽ രേഖപ്പെടുത്തിയത്) |
|---|---|---|---|
| 23 | 9/242BtoG | സ്കൂപ്പി ബേക്സ് ആൻഡ് കഫെ | 6 |
| 44 | 10/535 | ഗാഡ്സ്മാൻ വുഡ് പ്ലെനറിങ് സെന്റർ | 3 |
| 106 | 10/113 | ഗ്രാൻഡ് ബേക്കറി | 2 |
| 31 | 10/529 | എഫ് എം സി ജി സ്റ്റോക്ക് ലിസ്റ്റ് ആൻഡ് ഡിസ്ട്രിബ്യൂഷൻസ് | 2 |
| 34 | 1/442 | സി കെ എൻ ഹോട്ടൽ | 2 |
| 124 | 4/263, 264, 265 | സി കെ പ്ലൈവുഡ് | 2 |

സ്ഥാപന ഉടമയ്ക്ക് ഡിമാന്റ് നോട്ടീസ് നല്കിയതുമായി ബന്ധപ്പെട്ട വിവരങ്ങളും സ്ഥാപന ഉടമകൾ സമർപ്പിച്ച റിട്ടേണുകളും പരിശോധനക്കായി ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.2/16.12.23) മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണെന്ന് മറുപടി നൽകി. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 തനത് ഫണ്ട് പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി ഇ-പേയ്മെന്റ് അക്കൗണ്ട് കറന്റ് അക്കൗണ്ടാണ്. വസ്തുനികുതി ഇ-പേയ്മെന്റ് അക്കൗണ്ടിൽ വരുന്ന തുക നിശ്ചിത ഇടവേളകളിൽ ഗ്രാമപഞ്ചായത്തിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതായിരുന്നു. എന്നാൽ ഇ-പേയ്മെന്റ് അക്കൗണ്ടിലെ തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ കറന്റ് അക്കൗണ്ടിൽ നിലനിർത്തിവരികയാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബാങ്ക് അക്കൗണ്ട് വിവരം | നീക്കിയിരിപ്പ് (31.03.2023) /AFS/പാസ്ബുക്ക് പ്രകാരം |
|---|---|
| എസ് ബി ഐ ഇ-പേയ്മെന്റ്-അക്കൗണ്ട് (അക്കൗണ്ട് നമ്പർ -37174367401) | ₹35,54,492 |

ഗ്രാമപഞ്ചായത്ത് മേല്പറഞ്ഞ അക്കൗണ്ടിലെ തനത് വരുമാനം യഥാസമയം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ പലിശരഹിത അക്കൗണ്ടിൽ നിലനിർത്തിയത് വഴി പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/18-12-2023 ) 31-03-2023 ന് ₹35,54,492 നീക്കിയിരിപ്പ് ഉണ്ടെങ്കിലും ആയതിൽ അംഗൻവാടി പോഷകാഹാരം, സെൻട്രൽ ഷെയർ, ശുചിത്വ മിഷൻ ഫണ്ടുകൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. തുക കറണ്ട് അക്കൗണ്ടിൽ നിന്നും സേവിംഗ്സ് ബേങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

## 1-15 പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് പ്രവൃത്തി നടപ്പാക്കിയില്ല - രേഖകൾ ഹാജരാക്കിയിട്ടില്ല-₹220000 തടസ്സപ്പെടുത്തുന്നു

| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
|---|---|
| പ്രോജക്ട് നമ്പർ /പേര് | 92/23 പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് |

| | |
|---|---|
| അടങ്കൽ | ₹220000 (വികസന ഫണ്ട്, ജനറൽ) |
| ചെലവഴിച്ച തുക | ₹220000 |
| ബിൽ നമ്പർ, തീയ്യതി | 120/26-11-2022 |

പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് എന്ന പ്രോജക്ട് പ്രകാരം പൊതുമരാമത്ത് വിഭാഗത്തിന്റെ 15-10-2022 തീയതിയിലെ നമ്പർ ഏ2-753/2022 എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ₹220000 പി.ഡബ്യ.ഡി-ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഓഡിറ്റ് തീയതി വരെ പ്രസ്തുത പ്രവൃത്തി നടപ്പാക്കിയിട്ടില്ല. പ്രസ്തുത തുകയുടെ തുക കൈപ്പറ്റിയതിന്റെ രേഖ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 35/19-12-2023) പദ്ധതി നിർവ്വഹണത്തിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചത്. പ്രവൃത്തി നടപ്പാക്കാത്തതിനാലും തുക കൈപ്പറ്റിയതിന്റെ രേഖ, വിനിയോഗ സാക്ഷ്യ പത്രം എന്നിവ ഹാജരാക്കാത്തതിനാലും ₹220000 തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയാക്കിയ മോണിറ്ററിംഗ് റിപ്പോർട്ടും അനുബന്ധ രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന് തുക നൽകിയത്-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ₹30000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ /പേര് | 88/23 ഐ ടി കം ടെക്നിക്കൽ എക്സ്പർട്ട് വേതനം നൽകൽ-പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് പ്രവർത്തന ചെലവ് നൽകൽ |
| അടങ്കൽ | ₹30000 (തനത് ഫണ്ട്) |
| ചെലവഴിച്ച തുക | ₹30000 |
| വൗച്ചർ നമ്പർ, തീയ്യതി | 22200678 /09-12-2022 |

പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് പ്രവർത്തന ചെലവ്, ഐ ടി കം ടെക്നിക്കൽ എക്സ്പർട്ട് വേതനം എന്നീയിനങ്ങളിലായി 2022-23 വർഷത്തിലെ വിഹിതമായ ₹30,000 പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് -1 ന് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.22/18-12-2023) ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ലഭിക്കുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹30000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ധന വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-17 ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി ജല ശുദ്ധീകരണ ശാല നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങൽ -പ്രൊജക്ടിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിച്ചിട്ടില്ല - ₹635795 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ /പേര് | 191/23 ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി ജല ശുദ്ധീകരണ ശാല നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങൽ |

| | |
|---|---|
| അടങ്കൽ | ₹6,00,834 (വികസന ഫണ്ട്,ജനറൽ)<br>₹1,49,166 (തനത് ഫണ്ട്)<br>₹750000 |
| ചെലവഴിച്ച തുക<br><br>ആകെ ചെലവ് | ₹6,00,834 (വികസന ഫണ്ട്,ജനറൽ)<br>ബിൽ നമ്പർ/തീയതി:347/21-03-2023<br>₹34,961 (തനത് ഫണ്ട്)<br>വൗച്ചർനമ്പർ/തീയതി:222000966/30-03-2023<br>₹635795 |

ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി ജല ശുദ്ധീകരണ ശാല നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങൽ എന്ന പദ്ധതിക്കായി ഇരിട്ടി നഗരസഭയിൽ ചാവശ്ശേരി വില്ലേജിൽ ഉളിയിൽ ദേശത്ത് 1/111 സർവ്വേ നമ്പറിൽ 0.6371 ഹെക്ടർ ഭൂമി സംയോജിത കുടിവെള്ള പദ്ധതിയുടെ ഘടകമായ ജല ശുദ്ധീകരണ ശാല നിർമ്മിക്കുന്നതിന് സ്ഥലം ആർജ്ജിക്കുവാൻ കുന്നോത്ത് പറമ്പ്, തൃപ്രങ്ങോട്ടൂർ, മാങ്ങാട്ടിടം, ന്യൂമാഹി, ചൊക്ലി എന്നീ ഗ്രാമ പഞ്ചായത്തുകൾ ചേർന്ന് സ്ഥലം വാങ്ങിയിരുന്നു. ഇതിനായി ന്യൂമാഹി ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായാണ് മുകളിൽ കൊടുത്ത തുക ചെലവഴിച്ചിട്ടുള്ളത്. വാട്ടർ അതോറിറ്റി പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർ നടപടിയുടെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 37/20-12-2023) ജലജീവൻ മിഷന്റെ ഭാഗമായി വാട്ടർ അതോറിറ്റി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് സ്ഥാപിച്ചു വരുന്നുണ്ടെന്ന് മാത്രമാണ് അറിയിച്ചത്. ജല ശുദ്ധീകരണ ശാല നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്ത് നൽകിയ തുകയ്ക്ക് തുല്യമായ ആസ്തി മൂല്യത്തിന്റെ വിവരം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ഇപ്രകാരം വാങ്ങിയ ഭൂമിയുടെ ഓറിജിനൽ രേഖ മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് എൻക്വയറിക്ക് നൽകിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ജല ശുദ്ധീകരണ ശാല നിർമ്മിക്കാത്തതിനാൽ പ്രൊജക്ടിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിച്ചിട്ടില്ല. ആയതിനാൽ ചെലവ് തുക ₹635795 തടസ്സപ്പെടുത്തുന്നു. പ്രവൃത്തി നിർവ്വഹണ പുരോഗതി, ആസ്തി മൂല്യത്തിന്റെ വിവരം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 സർക്കാർ നിർദ്ദേശം പാലിക്കാതെ വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം ഒടുക്കിയത്- ₹4,00,100 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 3/23, കേരള അതോറിറ്റിക്ക് കുടിവെള്ളക്കരം അടയ്ക്കൽ |
| അടങ്കൽ | ₹400100 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്)<br>₹16424 (തനത് ഫണ്ട്)<br>₹83714 (വികസന ഫണ്ട്, ജനറൽ)<br>₹500238 |
| ചെലവ് | ₹400100 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്)<br>₹16424 (തനത് ഫണ്ട്)<br>₹83714 (വികസന ഫണ്ട്, ജനറൽ)<br>₹500238 |

പഞ്ചായത്തിന്റെ ഒരു വർഷത്തെ വെള്ളക്കരം വാട്ടർ അതോറിറ്റിക്ക് അടവാക്കുന്നതിന് തുക വകയിരുത്തുന്നതാണ് പദ്ധതി. ഗ്രാമ പഞ്ചായത്ത് പരിധിയിലെ 69 ടാപ്പുകൾക്കാണ് വെള്ളക്കരം അടവാക്കിയിട്ടുള്ളത്

1. പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖ. 6.7 ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ഉപയോഗിച്ച് നടപ്പാക്കാവുന്ന പ്രോജക്ടുകളെ സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടാത്ത ഇനമായ തെരുവ് ടാപ്പുകളുടെ കുടിവെള്ളക്കരം ₹4,00,100 ധനകാര്യ കമ്മിഷൻ ഗ്രാന്റ് (ടൈഡ്) ഉപയോഗിച്ചാണ് ഒടുക്കിയത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ബിൽ നമ്പർ /തീയതി | തുക ₹ |
|---|---|
| 57/20-08-2022 | 33281 |
| 17/17-06-2022 | 33281 |
| 30/15-07-2022 | 33281 |
| 49/17-08-2022 | 33281 |
| 99/14-10-2022 | 66562 |
| 98/14-10-2022 | 33281 |
| 112/09-11-2022 | 33281 |
| 145/09-12-2022 | 33281 |
| 194/12-01-2023 | 33281 |
| 250/21-02.2023 | 67290 |
| ആകെ | ₹4,00,100 |

സർക്കാർ നിർദ്ദേശം പാലിക്കാതെ കുടിവെള്ളക്കരം ഒടുക്കിയതിന് കാരണംഅറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 46/22-12-2023) ഡി പി സി അംഗീകാരവും, വെറ്റിംഗും ലഭിച്ചതിനാലാണ് പദ്ധതി നടപ്പിലാക്കിയതെന്നും, 2023-24ൽ ഈ ഫണ്ട് കുടിവെള്ളക്കരം ഒടുക്കുന്നതിന് വിനിയോഗിച്ചിട്ടില്ല എന്നുമാണ് മറുപടി ലഭ്യമാക്കിയത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിനാൽ ₹4,00,100 തടസ്സപ്പെടുത്തുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 7.3.2022-ലെ സ.ഉ.(സ)538/20 നമ്പർ ഉത്തരവിലും സി.എഫ്.സി. ടൈഡ് ഫണ്ട് ഉപയോഗിച്ച് കുടിവെള്ളക്കരം അടക്കാൻ അനുമതി നൽകിയിട്ടുള്ളത് കുടിശ്ശിക വെള്ളക്കരത്തിന് മാത്രമാണ് എന്നിരിക്കെ ധനകാര്യ കമ്മീഷൻ ഫണ്ടുപയോഗിച്ച് വെള്ളക്കരം ഒടുക്കാനുള്ള അനുമതി ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 മട്ടുപ്പാവിൽ പച്ചക്കറി കൃഷിക്ക് മൺചട്ടിവിതരണം -പ്രൊജക്റ്റിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നടപ്പാക്കി ₹480000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ / പേര് | 109/23 മട്ടുപ്പാവിൽ പച്ചക്കറി കൃഷിക്ക് മൺചട്ടിവിതരണം |
| അടങ്കൽ | ₹ 360000 വികസന ഫണ്ട് (പൊതു വിഭാഗം )<br>₹120000 ഗുണഭോക്തൃവിഹിതം |
| ചെലവ് | ₹360000 ബിൽ നമ്പർ 369/29-3-23<br>₹120000 ബിൽ നമ്പർ 371/28-3-23 (വൗച്ചർ നമ്പർ 22201033 Dt 31-3-23 ) |

മട്ടുപ്പാവിൽ പച്ചക്കറി കൃഷിക്ക് മൺചട്ടിവിതരണം എന്ന പ്രൊജക്റ്റിൽ 240 ഗുണഭോക്താക്കൾക്ക് 10 വീതം ചട്ടികൾ പോട്ടിംഗ് മിശ്രിതം നിറച്ചത് തൈകൾ ഉൾപ്പെടെ വിതരണം ചെയ്യാനാണ് പദ്ധതി വിഭാവനം ചെയ്തത്. ആയതിന് മൺചട്ടി വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ച് ലഭ്യമായ മൂന്ന് ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മൺചട്ടി ഒന്നിന് 150 രൂപ ക്വാട്ട് ചെയ്ത വിനൂപ് കെ തച്ചോറാൻ ബിൽഡേഴ്സ് & ഡവലപ്പേഴ്സ് എന്നസ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് വിതരണം ചട്ടികൾ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു

1) പദ്ധതി പ്രകാരം 240 ഗുണഭോക്താക്കൾക്ക് 10 വീതം മൺചട്ടികൾ വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചത്. എന്നാൽ പദ്ധതി നടത്തിപ്പിൽ 3200 ചട്ടികൾ 150 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. 240 ഗുണഭോക്താക്കളിൽ 160 പേർക്ക് 10 വീതവും 80 പേർക്ക് 20 എണ്ണവും വെച്ച് വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിൽ മെയിൻ ലിസ്റ്റിൽ317 പേരും അഡീഷണൽ ലിസ്റ്റിൽ 181 പേരും ഉണ്ട്. പദ്ധതിയിൽ നിന്ന് വ്യതി ചലിച്ച് 3200ചട്ടികൾ വാങ്ങി 240 പേർക്കാണ്

വിതരണം ചെയ്യത്. പദ്ധതിയിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നടപ്പാക്കുമ്പോൾ പദ്ധതി റിവൈസ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2) 240 ഗുണഭോക്താക്കൾക്ക് 10 വീതം ചട്ടി വിതരണം ചെയ്യാനുദ്ദേശിച്ച പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് വ്യത്യസ്ത എണ്ണം ചട്ടി നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (38/21-12-23) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ₹480000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദമായ മറുപടിയും ആവശ്യമായ രേഖകളും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത പദ്ധതികൾ ആവശ്യത്തിന് ഗുണഭോക്താക്കളില്ലാതെയുള്ള തുക വകയിരുത്തലും വിതരണ ക്രമത്തിലെ അപാകങ്ങളും ചെലവ് തുക ₹70000 തടസ്സപ്പെടുത്തുന്നു

2022-23 വർഷം കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത സൗജന്യ വിത്ത് വിതരണ പദ്ധതിയിൽ ഗുണഭോക്തൃ ലിസ്റ്റിൽ ആവശ്യത്തിന് ഗുണഭോക്താക്കൾ ഇല്ലാതെ പദ്ധതി രൂപീകരിക്കുകയും അതനുസരിച്ച് വാങ്ങൽ നടപടികൾ നടത്തുകയും എന്നാൽ വാങ്ങിയ വിത്തുകൾ വിതരണം ചെയ്ത രജിസ്റ്ററിൽ ഗുണഭോക്താക്കൾക്ക് നൽകിയ എണ്ണം രേഖപ്പെടുത്താതെ വിതരണം ചെയ്തതിന്റെ ആകെ എണ്ണം മാത്രം രേഖപ്പെടുത്തിയിരിക്കുകയാണ് ചെയ്തത്, വിവിധ പ്രൊജക്ടുകളിലെ നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ)സങ്കരയിനം പച്ചക്കറി വിത്ത് വിതരണം – അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ / പേര് | 122/23 സങ്കരയിനം പച്ചക്കറി വിത്ത് വിതരണം |
| അടങ്കൽ | ₹ 10000 വികസന ഫണ്ട് (പൊതു വിഭാഗം ) |
| ചെലവ് | ₹10000 ബിൽ നമ്പർ 167/29-12-22 |

സങ്കരയിനം പച്ചക്കറി വിത്ത് വിതരണം എന്ന പദ്ധതിയിൽ VFPCKയിൽ നിന്നും 200 യൂണിറ്റ് സങ്കരയിനം പച്ചക്കറി വിത്തുകളുടെ സീഡ് കിറ്റ് 50 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്, പദ്ധതി പ്രകാരം 200 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിൽ മെയിൻ ലിസ്റ്റിൽ 124 പേരും അഡീഷണൽ ലിസ്റ്റിൽ 36 ഗുണഭോക്താക്കളുമാണ് ഉള്ളത്. പദ്ധതി അപാകങ്ങൾ താഴെ പറയുന്നു

1-വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം 160 ഗുണഭോക്താക്കൾക്കാണ് സങ്കരയിനം പച്ചക്കറി വിത്തുകൾ വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ വിതരണ സ്റ്റേറ്റ്മെന്റിൽ വിതരണം നടത്തിയതിന്റെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല.

2-200 യൂണിറ്റ് വിത്ത് 160 ഗുണഭോക്താക്കൾ വിതരണം ചെയ്തതിന്റെ എണ്ണം വ്യക്തമാക്കുന്ന വിതരണ സ്റ്റേറ്റ്മെന്റ് ഫയലിൽ ലഭ്യമല്ല.

3-ഗുണഭോക്തൃ ലിസ്റ്റിൽ ആകെ 160 ഗുണഭോക്താക്കൾ മാത്രം ഉള്ളപ്പോൾ ആവശ്യകത നിർണ്ണയിക്കാതെ 200 ഗുണഭോക്താക്കൾക്ക് നൽകാനായി 200 യൂണിറ്റ് വാങ്ങാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്

4-സ്ഥലവിസ്തൃതിക്ക് അനുസരിച്ചാണ് വിത്തുകളുടെ അളവ് നിശ്ചയിക്കേണ്ടത് എന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് വിതരണക്രമത്തിൽ പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്നരേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/21-12-23) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹10000 തടസ്സപ്പെടുത്തുന്നു.

ബി) മഞ്ഞൾ കൃഷി വികസനം - വിതരണത്തിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ / പേര് | 115/23 മഞ്ഞൾ കൃഷി വികസനം |
| അടങ്കൽ | ₹ 30000 വികസന ഫണ്ട് (പൊതു വിഭാഗം ) |
| ചെലവ് | ₹30000 ബിൽ നമ്പർ271/27-2-23 |

മഞ്ഞൾ കൃഷി വികസനം എന്ന പദ്ധതിയിൽ അഗ്രോ സർവ്വീസ് സെന്റർ വേങ്ങാട് നിന്നും 2.5 കി.ഗ്രാം ഭാരമുള്ള 200

യൂണിറ്റ് മഞ്ഞൾ വിത്തുകൾ 150 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്, പദ്ധതി പ്രകാരം 200ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിൽ മെയിൻ ലിസ്റ്റിൽ 118പേരും അഡീഷണൽ ലിസ്റ്റിൽ 30 ഗുണഭോക്താക്കളുമാണ് ഉള്ളത്. പദ്ധതി അപാകങ്ങൾ താഴെ പറയുന്ന

വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം 132 ഗുണഭോക്താക്കൾക്കാണ് മഞ്ഞൾ വിത്തുകൾ വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ വിതരണ സ്റ്റേറ്റ്മെന്റിൽ 1-വിതരണം നടത്തിയതിന്റെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല.

2-200 യൂണിറ്റ് വിത്ത് 132 ഗുണഭോക്താക്കൾ വിതരണം ചെയ്തതിന്റെ എണ്ണം വ്യക്തമാക്കുന്ന വിതരണ സ്റ്റേറ്റ്മെന്റ് ഫയലിൽ ലഭ്യമല്ല.

3-ഗുണഭോക്തൃ ലിസ്റ്റിൽ ആകെ 148 ഗുണഭോക്താക്കൾ മാത്രം ഉള്ളപ്പോൾ ആവശ്യകത നിർണ്ണയിക്കാതെ 200 ഗുണഭോക്താക്കൾക്ക് നൽകാനായി 200 യൂണിറ്റ് വാങ്ങാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്

4-സ്ഥലവിസ്തൃതിക്ക് അനുസരിച്ചാണ് വിത്തുകളുടെ അളവ് നിശ്ചയിക്കേണ്ടത് എന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് വിതരണക്രമത്തിൽ പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്നരേഖകൾ ലഭ്യമാക്കേണ്ടതാണ് .

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (39/21-12-23) മറുപടി ലഭ്യമാക്കിയിട്ടില്ല രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹30000 തടസ്സപ്പെടുത്തുന്ന രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

സി )ഇടവിളകൃഷി വികസനം-വിതരണത്തിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ / പേര് | 114/23 ഇടവിളകൃഷി വികസനം |
| അടങ്കൽ | ₹ 30000 വികസന ഫണ്ട് (പൊതു വിഭാഗം ) |
| ചെലവ് | ₹30000 ബിൽ നമ്പർ 313/13-3-23 |

ഇടവിളകൃഷി വികസനം എന്ന പദ്ധതിയിൽ അഗ്രോ സർവ്വീസ് സെന്റർ, വേങ്ങാട് നിന്നും 200 യൂണിറ്റ് ഇടവിളകൃഷിയുടെ സീഡ് കിറ്റ് 150 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്, പദ്ധതി പ്രകാരം 200 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിൽ മെയിൻ ലിസ്റ്റിലും അഡീഷണൽ ലിസ്റ്റിലുമായി 135 ഗുണഭോക്താക്കളുമാണ് ഉള്ളത്. പദ്ധതി അപാകങ്ങൾ താഴെ പറയുന്ന

1-വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം 135 ഗുണഭോക്താക്കൾക്കാണ് ഇടവിളകൃഷിയുടെ വിത്തുകൾ വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ വിതരണ സ്റ്റേറ്റ്മെന്റിൽ വിതരണം നടത്തിയതിന്റെ അളവ് രേഖപ്പെടുത്തിയിട്ടില്ല.

2-200 യൂണിറ്റ് വിത്ത് 135 ഗുണഭോക്താക്കൾ വിതരണം ചെയ്തതിന്റെ എണ്ണം വ്യക്തമാക്കുന്ന വിതരണ സ്റ്റേറ്റ്മെന്റ് ഫയലിൽ ലഭ്യമല്ല.

3-ഗുണഭോക്തൃ ലിസ്റ്റിൽ ആകെ 135 ഗുണഭോക്താക്കൾ മാത്രം ഉള്ളപ്പോൾ ആവശ്യകത നിർണ്ണയിക്കാതെ 200ഗുണഭോക്താക്കൾക്ക് നൽകാനായി 200 യൂണിറ്റ് വാങ്ങാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്

4-സ്ഥലവിസ്തൃതിക്ക് അനുസരിച്ചാണ് വിത്തുകളുടെ അളവ് നിശ്ചയിക്കേണ്ടത് എന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് വിതരണക്രമത്തിൽ പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്നരേഖകൾ ലഭ്യമാക്കേണ്ടതാണ്

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (41/21-12-23) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹30000 തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഖണ്ഡികയിൽ പരാമർശിച്ച അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കിയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകങ്ങൾ

1- പ്രവൃത്തി ദീർഘീകരണത്തിന് ഈടാക്കിയ ഫൈൻ തനത് ഫണ്ടിൽ മുതൽ കൂട്ടാത്തതിനാൽ തനത് വരുമാനം നഷ്ടപ്പെടാനിടയാകുന്നു

പാലിക്കണ്ടി പുതിയ കുളങ്ങര റോഡ് മെയിന്റനൻസ് -32/23, സി.എഫ്.സി ഗ്രാന്റ്-3,56,384 അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി ദീർഘീകരണത്തിന് 3228 പിഴ ഈടാക്കിയിട്ടുണ്ട്. എന്നാൽ ബിൽ തുക പിൻവലിച്ച് ഫൈൻ തനത് ഫണ്ടിൽ മുതൽക്കൂട്ടാതെ, ഈ തുക കഴിച്ചുള്ള തുകയാണ് സി.എഫ്.സി ഗ്രാന്റിൽ നിന്നും പിൻവലിച്ചത് .

2-ബ്ലൂ ബേർഡ് റോഡ് മെയിന്റനൻസ് -34/23 4,02,982 അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി ദീർഘീകരണത്തിന് 3658 പിഴ ഈടാക്കിയിട്ടുണ്ട്. ഈ തുക കഴിച്ചുള്ള തുകയാണ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ചത്.

B-റീടെൻഷൻ,പ്രവൃത്തി ദീർഘീകരണത്തിന് ഫൈൻ എന്നിവ ഈടാക്കിയിട്ടില്ല

പ്രോജക്ട്- ഉറസ്സായ കിണർ ശുചിത്വ കിണറാക്കി മാറ്റൽ

പ്രവൃത്തി മൂല്യം - 2,75,250

+ 12% ജി എസ് ടി - 33030

------------

308280

-----------------

2022-23ൽ നൽകിയ ഒന്നാം ഭാഗിക ബിൽ- 77,668

എന്നാൽ ഇതിൽ നിന്നും റീടെൻഷൻ ഈടാക്കിയിട്ടില്ല

ഈ പ്രവൃത്തി ആരംഭിച്ചത് 29.12.2023ന് ആരംഭിച്ച് 29.3.2023ന് പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ 25.05.2023നാണ് പൂർത്തിയാക്കിയത്. എന്നാൽ 23-24ലെ ഫൈനൽ ബില്ലിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

C- കരാറിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല

ചില മരാമത്ത് പ്രവർത്തികളുടെ കരാറിൽ പൂർത്തീകരണ തീയതി രേഖപ്പെടുത്തുന്നില്ല .

ഉദാ- അഴീക്കൽ അങ്കണ വാടി മെയിന്റനൻസ് -58/53

D – മിക്ക മരാമത്ത് പ്രവൃത്തികളുടേയും ബില്ലിൽ നിന്നും ഇൻഷ്വറൻസിന് പിഴ ഈടാക്കുകയാണ് ചെയ്യുന്നത്. പ്രവൃത്തികൾക്ക് ഇൻഷ്വറൻസ് എടുക്കുന്നില്ല

E- ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തികളിൽ കരാറുകാരൻ വാങ്ങിച്ച ബാരലിന്റെ ടാക്സ് ഇൻവോയിസ് ഫയലിനോടൊപ്പം വച്ചിട്ടില്ല

F)- TR-7A കാഷ് ബുക്ക് ഹാജരാക്കിയിട്ടില്ല

ഭാവിയിൽ ഈ കാര്യങ്ങൾ ശ്രദ്ധിച്ച് ചെയ്യുന്നതാണെന്നും, ഫൈൻ ഈടാക്കുന്നതാണെന്നും, കാഷ് ബുക്ക് സൂക്ഷിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന് (48/ 21.12.2023) മറുപടി നൽകിയിട്ടുണ്ട്.

## 1-22 പ്ലാസ്റ്റിക ശേഖരണ കേന്ദ്രം പ്രവൃത്തി പൂർത്തിയായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

| | |
|---|---|
| പ്രോജക്ട് & നം | പ്ലാസ്റ്റിക് ശേഖരണ കേന്ദ്രം നിർമ്മിക്കൽ -31/23 |
| അടങ്കൽ | 5,00,000 – ധനകാര്യ കമ്മീഷൻ അവാർഡ്<br>10,00,000 – കേന്ദ്രാവിഷ്കൃത ഫണ്ട്<br>15,00,000 – മറ്റുള്ളവ<br>-----------------<br>30,00,000 |
| ചെലവ് | 5,00,000 – ധനകാര്യ കമ്മീഷൻ അവാർഡ്<br>5,36,668 – കേന്ദ്രാവിഷ്കൃത ഫണ്ട്<br>10,36,668 |
| ബിൽ നം &തീയതി | 156/20.12.2022 –5,00,000-<br>ചെക്ക് നം411029021 Dt31.12.2022 – 5,36,668 |

പ്ലാസ്റ്റിക് ശേഖരണ കേന്ദ്രം പൂർത്തീകരിക്കേണ്ട തീയതി കരാർ പ്രകാരം 17.4.2023 ആയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയായിട്ടില്ല. പ്ലാസ്റ്റിക് ശേഖരണ കേന്ദ്രം നിർമ്മിക്കേണ്ട സ്ഥലം തട്ടുകളായിട്ടുള്ളതായതിനാൽ പ്രതലം നിരപ്പാക്കാനും, റോഡരികിലുള്ള ഇലക്ട്രിക് പോസ്റ്റ് സ്റ്റേ വയർ മാറ്റി സ്ഥാപിക്കേണ്ടതുള്ളതിനാലും, ജിയോ കേബിളിന് വേണ്ടി റോഡ് കട്ട് ചെയ്തതിനാൽ മെറ്റീരിയൽസ് കൊണ്ടുപോവാനും സാധിക്കാത്തതിനാലാണ് പ്രവൃത്തി ദീർഘിച്ചത് എന്നും കൂടാതെ ഇലക്ട്രിക് പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിക്കേണ്ടതുണ്ടെന്നും ആയതിനാൽ സിവിൽ പ്രവൃത്തികൾ മാത്രമേ നടത്തിയിട്ടുള്ളൂ എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (55/22/12/2023) മറുപടി നൽകിയത്. പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള ലക്ഷ്യം കൈവരിക്കേണ്ടതാണ്.

## 1-23 എഫ് എച്ച് സിയിൽ കസ്റ്റീരിയ -പ്രവർത്തനക്ഷമമാകാത്തത്

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

| | |
|---|---|
| പ്രോജക്ട് & നം | എഫ്.എച്ച്.സി-യിൽ കഫ്റ്റീരിയ -167/23 |
| അടങ്കൽ | 2,00,000(തനത് ഫണ്ട്) |
| ചെലവ് | 1,88,480 |
| ബിൽ നം &തീയതി | 328/18.3.2023 |

എഫ്.എച്ച്.സിയിൽ കഫ്റ്റീരിയ നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിലും ആയത് പ്രവർത്തനക്ഷമമായിട്ടില്ല. പ്രവർത്തനക്ഷമമാക്കാത്തതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (55/22.12.2023) ഉടർ പ്രവർത്തനങ്ങൾ എഫ്.എച്ച്.സിയാണ് ചെയ്യേണ്ടത് എന്നാണ് മറുപടി ലഭ്യമാക്കിയത്. 188480 രൂപ ഇക്കാര്യത്തിന് ചെലവഴിച്ചെങ്കിലും പദ്ധതി പണം ലക്ഷ്യപ്രാപ്തി നേടാത്തതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 ഫൈബർ റി എൻഫോഴ്സ്ഡ് വള്ളം -രേഖകൾ ലഭ്യമല്ല ₹4,49,100 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ട് നമ്പർ / പേര് | 74/23 ഫൈബർ റി എൻഫോഴ്സ്ഡ് വള്ളം |
| അടങ്കൽ | ₹ 3,36,825 വികസന ഫണ്ട് (പൊതു വിഭാഗം )<br>₹ 1,12,275 മറ്റുള്ളവ (ഗുണഭോക്തൃ വിഹിതം ) |
| ചെലവ് | വികസന ഫണ്ട് (പൊതു വിഭാഗം )<br>₹99800 ബിൽ നമ്പർ 275/28-2-23<br>₹99800 ബിൽ നമ്പർ 276/28-2-23<br>₹137225 ബിൽ നമ്പർ 335/20-3-23<br>മറ്റുള്ളവ<br>₹1,12,275 ബിൽ നമ്പർ 378 /28-2-23<br>-------------<br>₹4,49,100<br>-------------- |

ഫൈബർ റി എൻഫോഴ്സ്ഡ് വള്ളം എന്ന പദ്ധതി പ്രകാരം 9 ഗുണഭോക്താക്കൾക്ക് ഫൈബർ റി എൻഫോഴ്സ്ഡ് വള്ളം വാങ്ങുന്നതിന് 75% സബ്സിഡി നൽകിയിട്ടുണ്ട്. പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖ 6.4.1 പ്രകാരം യൂണിറ്റ് വിലയുടെ 75% പരമാവധി 37500രൂപ സബ്സിഡി നൽകാവുന്നതും ഗുണഭോക്താക്കൾ മുഴവൻ സമയവും മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന രജിസ്റ്റേർഡ് മത്സ്യതൊഴിലാളി ആയിരിക്കണം എന്നും സ്വന്തമായി മറ്റ് മത്സ്യബന്ധന യാനങ്ങൾ ഇല്ലാത്തവരും എട്ട് വർഷത്തിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യത്തിന് അർഹത ഉള്ളൂ എന്നും എഫ് ആർ പി കട്ടമരത്തിന്റെ നിർമ്മാണം ഉദ്യോഗസ്ഥരും ഗുണഭോക്താക്കളും സംയുക്ത പരിശോധന നടത്തേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു

1)ഗുണഭോക്താക്കൾക്ക് മറ്റ് രജിസ്റ്റേർഡ് മത്സ്യബന്ധന യാനങ്ങൾ ഇല്ലാത്തവരാണെന്ന് ഉറപ്പ് വരുത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

2)ഗുണഭോക്താക്കൾക്ക് കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ പ്രസ്തുത ആനുകൂല്യം നൽകിയിട്ടില്ല. എന്നും മറ്റ് തലങ്ങളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ടി ആനുകൂല്യം ലഭ്യമായിട്ടില്ല എന്നും തെളിയിക്കുന്നരേഖകൾ ലഭ്യമല്ല

3) ടി പദ്ധതിക്ക് ഫൈബർ റി എൻഫോഴ്സ്ഡ് വള്ളം വാങ്ങുന്നതിനായി ടെണ്ടർക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക്

ക്വാട്ട് ചെയ്ത സിഫ ബോട്സ് എന് നസ്ഥാപനത്തിൽ നിന്നാണ് വള്ളങ്ങൾ വാങ്ങിയിട്ടുള്ളത് ടി വള്ളങ്ങൾ ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല

4) ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സിഫ ബോട്സ് എന്നസ്ഥാപനത്തിൽ നിന്നും 2% ജി.എസ്.ടി - ടി ഡി എസ് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (43/21-12-23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ₹4,49,100 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത വള്ളങ്ങൾക്ക് ഇൻസുലേറ്റഡ് ഫിഷ് ഹോൾഡിങ്ങ് പെട്ടികൾ വാങ്ങുന്നതിന് -രേഖകൾ ലഭ്യമല്ല-ചെലവ് തുക₹33349 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ട് നമ്പർ / പേര് | 70/23 മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത വള്ളങ്ങൾക്ക് ഇൻസുലേറ്റഡ് ഫിഷ് ഹോൾഡിങ്ങ് പെട്ടികൾ വാങ്ങുന്നതിന് |
| അടങ്കൽ | ₹25,012 വികസന ഫണ്ട് (പൊതു വിഭാഗം )<br>₹8,337 മറ്റുള്ളവ (ഗുണഭോക്തൃ വിഹിത) |
| ചെലവ് | വികസന ഫണ്ട് (പൊതു വിഭാഗം )<br>₹14036 ബിൽ നമ്പർ 170/31-12-22<br>₹10976ബിൽ നമ്പർ 330/20-3-23<br>മറ്റുള്ളവ<br>₹4678 ബിൽ നമ്പർ171/31-12-22<br>₹3659 ബിൽ നമ്പർ 121/9-1-23 |

മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത വള്ളങ്ങൾക്ക് ഇൻസുലേറ്റഡ് ഫിഷ് ഹോൾഡിങ്ങ് പെട്ടികൾ വാങ്ങുന്നതിന് മത്സ്യഫെഡിൽ നിന്നും ഇൻവോയ്സ് നമ്പർ KNR/GST/00784 തീയതി 29-12-22 പ്രകാരം 660 ലിറ്റർ കപ്പാസിറ്റിയുള്ള ബോക്സും, മത്സ്യഫെഡിന്റെ 17-3-23ലെ പ്രൊഫോർമ ഇൻവോയ്സ്നമ്പർ 13/22-23 പ്രകാരം 460 ലിറ്റർ കപ്പാസിറ്റിയുള്ള ഫിഷ് ഹോൾഡിങ്ങ് പെട്ടിയും 75% സബ്സിഡിയും 25% ഗുണഭോക്തൃ വിഹിതവും അടവാക്കി മേൽ ബില്ലുകൾ പ്രകാരം വാങ്ങിയിട്ടുണ്ട് പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു

1-ബിൽ നമ്പർ 330/20-3-23+ബിൽ നമ്പർ 121/9-1-23 പ്രകാരം വാങ്ങിയ 460 ലിറ്റർ കപ്പാസിറ്റിയുള്ള ബോക്സിന്റെ ടാക്സ് ഇൻവോയിസ് ലഭ്യമല്ല (മത്സ്യഫെഡിന്റെ 17-3-23-ലെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ 13/22-23 ആധാരമാക്കിയാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്)

2-2 ഫിഷ് ഹോൾഡിങ്ങ് പെട്ടികൾ വാങ്ങിയിരിക്കുന്നത് അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസറുടെ പേരിലാണ്. പെട്ടികൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല ഗുണഭോക്തൃ ലിസ്റ്റിൽ 5 പേർ ഉണ്ട് ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് വിതരണം ചെയ്തത് എന്നത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറി (44/21-12-23) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക₹33349 രൂപ തടസ്സപ്പെടുത്തുന്നു രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 കോക്ലിയാർ ഇംപ്ലാന്റ് ഉപകരണ മെയിന്റനൻസിന് സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം നൽകൽ-വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തുക ₹50000 തടസ്സപ്പെടുത്തുന്നു

2022-23 വർഷം ന്യൂ മാഹി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ഉപകരണ മെയിന്റനൻസിന് സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം നൽകുന്നതാണ് താഴെ പരാമർശിക്കുന്ന പ്രൊജക്ക്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രൊജക്ക് നമ്പർ / പേര് | S0182/23<br>കോക്ലിയാർ ഇമ്പ്ലാൻറ് ചെയ്ത കുട്ടികളുടെ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് സാമൂഹ്യ സുരക്ഷാമിഷന് വിഹിതം നൽകൽ |
| അടങ്കൽ | ₹50000 (വികസനഫണ്ട് – പൊതുവിഭാഗം സാധാരണവിഹിതം) |
| ചെലവ് ₹50000<br><br>ബിൽ നം./തീയ്യതി | 158/21.12.22/₹50000 (ACR പ്രകാരം) |

സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7(1)(2)(ബി.)(2) പ്രകാരം കോക്ലിയർ ഇമ്പ്ലാന്റുകളുടെ മെയ്റ്റനൻസിന് തദ്ദേശ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് ഒരു കുട്ടിക്ക് 50000/- രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ആനുകൂല്യത്തിന് വൈഡൂര്യ സി എം, നന്ത്യത്ത്, കുറിച്ചിയിൽ എന്ന വിദ്യാർത്ഥിനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രോജക്ക് നിർവ്വഹണവുമായി ബന്ധപ്പെട്ട് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ട്രഷറി അക്കൗണ്ടിലേക്ക് (701011400000134) മേൽ ബിൽ പ്രകാരം 50000/-രൂപ കൈമാറിയിട്ടുണ്ട്. കേരള സാമൂഹ്യസുരക്ഷാമിഷൻ തുക കൈപ്പറ്റിയതിന്റെ രശീത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിനുള്ള ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.32/19.12.23) ആയത് ലഭ്യമായിട്ടില്ലായെന്ന മറുപടി നൽകി. കേരള സാമൂഹ്യ സുരക്ഷാമിഷൻ തുക കൈപ്പറ്റിയതിന്റെ രസീതും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹50000 തടസ്സപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്തിലെ മേൽ പരാമർശിച്ച കുട്ടിയുടെ കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ് ഓഡിറ്റ് കാലയളവിൽ സമയബന്ധിതമായി നടത്തിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 അങ്കണവാടികൾക്ക് വേയിങ് മെഷീൻ വാങ്ങൽ-ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ന്യൂ മാഹി ഗ്രാമപഞ്ചായത്തിലെ 16 അങ്കണവാടികളിലേക്ക് വേയിങ് മെഷീൻ വാങ്ങുന്നതുമായി ബന്ധപ്പെട്ടതാണ് ചുവടെ കൊടുക്കുന്ന പ്രോജക്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ , പേര് | 96/23, അങ്കണവാടികൾക്ക് വേയിങ് മെഷീൻവാങ്ങൽ |
| അടങ്കൽ ₹63248 | ₹62942 (വികസന ഫണ്ട്-ജനറൽ)<br>₹306 (തനത് ഫണ്ട്) |
| ചെലവ് ₹63248 | ₹62942 (വികസന ഫണ്ട്-ജനറൽ)<br>₹306 (തനത് ഫണ്ട്) |
| ബിൽ നമ്പർ/ തീയതി | 314/14.03.23- ₹62942<br>വൗച്ചർ നമ്പർ:22200955/30.03.2023-₹306 |

സ.ഉ(പി)നം.259/2010/ത.സ്വ.ഭ.വ,08.11.2010 പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് 25000രൂപയ്ക്ക് മുകളിലും 100000 രൂപയിൽ താഴെയും ഉള്ള വാങ്ങൽ നടപടികൾക്ക് ലിമിറ്റഡ് ടെണ്ടറും, മതിപ്പ വില 100000 രൂപയ്ക്ക് മുകളിൽ ഓപ്പൺ ടെണ്ടറും സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും ലിമിറ്റഡ് ടെണ്ടറിലൂടെയല്ലാതെ ക്വട്ടേഷൻ നടപടികളിലൂടെയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

| വേയിങ് മെഷീൻ വാങ്ങിയ സ്ഥാപനം സ്ഥാപനത്തിന്റെ പേര്. | ഇൻവോയ്സ് നമ്പർ/ബിൽ നം/തീയതി. | തുക ₹ |
|---|---|---|

| | | |
|---|---|---|
| വി പ്രൈഡ് ടെക്നോളജീസ്,തലശ്ശേരി | 205/09.03.2023 | 63248 |

സർക്കാർ ഉത്തരവ് നിലനിൽക്കെ വാങ്ങലുകൾ ഇത്തരം നടപടികൾ മുഖേന നടത്തിയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/19.12.2023) പ്രസ്തുത പദ്ധതിക്ക് 50000 രൂപയിൽ താഴെയാണ് വകയിരുത്തിയതെന്നും ക്വട്ടേഷൻ വിളിച്ചപ്പോൾ കൂടുതൽ തുക ആവശ്യമായി വന്നതിന് ശേഷം റിവിഷൻ ചെയ്ത് തുക കൂട്ടിയതാണെന്നും അതിനാലാണ് ടെണ്ടർ വിളിക്കാഞ്ഞതെന്നുമുള്ള മറുപടി നൽകി. വാങ്ങലുകൾ 25000 രൂപയിൽ അധികാരിച്ചാൽ തന്നെ ലിമിറ്റഡ് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. സാധനങ്ങൾ സമാഹരിക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 1-28 ഭവനപുനരുദ്ധാരണം -പൊതു വിഭാഗം -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ 187800രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുറിച്ചിയിൽ |
| പ്രോജക്ട് നമ്പർ / പേര് | 78/23, ഭവനപുനരുദ്ധാരണം – പൊതു വിഭാഗം |
| അടങ്കൽ | ₹1900000 വികസനഫണ്ട് – പൊതു വിഭാഗം<br>₹500000 തനത് ഫണ്ട് |
| ചെലവ് | ₹1900000 വികസനഫണ്ട് – പൊതു വിഭാഗം<br>₹750000 ബിൽ നമ്പർ 146/12-12-22<br>₹150000 ബിൽ നമ്പർ 169/30-12-22<br>₹250000 ബിൽ നമ്പർ 195/12-1-23<br>₹250000 ബിൽ നമ്പർ 225/4-2—23<br>₹300000 ബിൽ നമ്പർ 243/15-2-23<br>₹150000 ബിൽ നമ്പർ 273/27-2—23<br>₹50000 ബിൽ നമ്പർ 274/27-2-23<br>₹226000 തനത് ഫണ്ട്<br>₹126000 ബിൽ നമ്പർ 399/30-3-23<br>₹50000 ബിൽ നമ്പർ 329/18-3-23<br>₹50000 ബിൽ നമ്പർ 351/25-3-23 |

ഭവന പുനരുദ്ധാരണം – പൊതു വിഭാഗം എന്ന മേൽ പദ്ധതി പ്രകാരം 24ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനായി ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. മേൽ പദ്ധതിയിൽ സുലേഖയിൽ ഉൾപ്പെടാതെ തനത് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 22200933 Dt 21-3-23 പ്രകാരം 187800രൂപ നൽകിയിട്ടുണ്ട്. എന്നാൽ മേൽ ചെലവുകൾ സുലേഖചെലവ് പത്രികയിലും എ.സി.ആറിലും ഉൾപ്പെട്ടിട്ടില്ല. മേൽ തുക ഗുണഭോക്താക്കളായ ഹൈമ, സൈന കെ, ഷിജിന സി വി, ഷീജ എൻ എന്നീ ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണം പ്രവൃത്തിയുടെ അവസാന ഗഡു ഇനത്തിൽ നൽകിയതാണ്. മേൽ ഗുണഭോക്താക്കളുടെ പ്രവൃത്തിയുടെ വാല്യേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സുലേഖയിൽ ഉൾപ്പെടാത്ത ചെലവ് വന്ന തുക മേൽ ഗുണഭോക്താക്കൾക്ക് ലഭ്യമായതിന്റെ രേഖകളും ചെലവ് സുലേഖയിലും എ സിആറിലും ഉൾപ്പെടാത്തതും സംബന്ധിച്ച വിശദീകരണവും ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/19.12.2023) ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെ ക്രഡിറ്റ് സ്റ്റാറ്റസ് മാത്രമാണ് ഹാജരാക്കിയത്. രേഖകൾ പരിശോധനക്ക് ലഭ്യമാകുന്നത് വരെ മേൽ വൗച്ചർ പ്രകാരമുള്ള ചെലവ് തുക 1,87,800രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 1-29 വ്യക്തിഗത സ്വയം തൊഴിൽ സംരംഭത്തിന് സബ്സിഡി നൽകൽ വനിതകൾക്ക്- അപാകങ്ങൾ ₹270000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുറിച്ചിയിൽ |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ / പേര് | 76/23, വ്യക്തിഗത സ്വയം തൊഴിൽ സംരംഭത്തിന് സബ്സിഡി നൽകൽ വനിതകൾക്ക് |
| അടങ്കൽ | ₹ 360000 വികസന ഫണ്ട് |
| ചെലവ് | ₹270000<br>₹270000ബിൽ നമ്പർ 236/20-3-23 |

വ്യക്തിഗത സ്വയം തൊഴിൽ സംരംഭത്തിന് സബ്സിഡി നൽകൽ വനിതകൾക്ക് എന്ന പദ്ധതിയിൽ മേൽ ബിൽ പ്രകാരം സാബിറ കെ സി, മൈമൂന പി എം, ഫിറോസ എൻ എന്നി ഗുണഭോക്താക്കൾക്ക് 90000രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട് പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ ) നം 115/2022 /ത സ്വ ഭ വ തീയതി 28/5/2022 ഖ 6-5.2(2) അനുസരിച്ച് സ്വയം തൊഴിൽ വനിത വ്യക്തിഗത സംരംഭങ്ങൾക്ക് എല്ലാ വിഭാഗങ്ങൾക്കും പരമാവധി 75% (പരമാവധി 90000 രൂപ വരെ സബ്സിഡി നൽകാം). 18 മുതൽ 59 വയസ്സ് വരെയുള്ള തൊഴിൽ രഹിതരായിരിക്കണം. വായ്പ ബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്, വായ്പ ബന്ധിതമല്ലെങ്കിൽ സംരംഭം ആരംഭിച്ചതിന് ശേഷം മൂന്ന് മാസത്തെ പ്രവർത്തനം വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണ് ഗ്രാമ പഞ്ചായത്തുകളിൽ സിഡി എസ് സംവിധാനത്തിലെ ഒരു മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്, വ്യവസായ വകുപ്പ് നിയോഗിച്ചിട്ടുള്ള ഇന്റേൺ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ ഒരു സമിതിയെ വിലയിരുതതലിനായി നിയോഗിക്കാവുന്നതാണ് എന്നിങ്ങനെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്

1) ഗുണഭോക്താക്കളായ മൈമൂന, ഫിറോസ എന്നിവർ സംരംഭം ആരംഭിക്കുന്നതിനായി പഞ്ചായത്തിൽ നിന്നും എടുത്ത ലൈസൻസ് ലഭ്യമാക്കിയിട്ടില്ല

2) ഗുണഭോക്താക്കളുടെ സംരംഭത്തിന്റെ നിലവിലെ പ്രവർത്തനം സംബന്ധിച്ച മോണിറ്ററിങ് റിപ്പോർട്ട് ലഭ്യമല്ല

3)സംരംഭത്തിന്റെ പ്രവർത്തനം വിലയിരുത്തുന്ന സമിതിയുടെ റിപ്പോർട്ടിൽ സംരംഭം പ്രവർത്തനം ആരംഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല. സംരംഭങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലിൽ ജനുവരി ,മാർച്ച് തുടങ്ങിയ മാസങ്ങളിൽ സാധനങ്ങൾ വാങ്ങിയതിന്റ ബില്ലുകൾ ചേർത്തിട്ടുള്ളതായി കാണുന്നു. സംരംഭം പ്രവർത്തനം ആരംഭിച്ചതിന്റെ തീയതി ഉൾപ്പെടുത്തിയ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 27/19-12-23) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിൽ നിന്നും എടുത്ത ലൈസൻസ്, നിലവിലെ പ്രവർത്തനം സംബന്ധിച്ച മോണിറ്ററിങ് റിപ്പോർട്ട്, സംരംഭം പ്രവർത്തനം ആരംഭിച്ചതിന്റെ തീയതി ഉൾപ്പെടുത്തിയ വിലയിരുത്തൽ സമിതിയുടെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹2,70,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 1-30 കൗമാക്കാരായ പെൺകുട്ടികൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം ബോധവൽക്കരണം -രേഖകൾ ലഭ്യമല്ല ₹49,800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| പ്രോജക്റ്റ് നമ്പർ / പേര് | 170/23 കൗമാക്കാരായ പെൺകുട്ടികൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം ബോധവൽക്കരണം |
| അടങ്കൽ | ₹50000 വികസനഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | ₹49800 ബിൽ നമ്പർ 191/11-1-23 |

കൗമാക്കാരായ പെൺകുട്ടികൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം ബോധവൽക്കരണം എന്ന പദ്ധതിയിൽ HLL ലൈഫ് കെയർ എന്ന സ്ഥാപനത്തിൽ നിന്നും 300 രൂപക്ക് 166 എണ്ണം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്

1)HLL ലൈഫ് കെയർ എന്ന സ്ഥാപനത്തിന്റെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ HLL/CMO/VBD/0712//02 Dt 7-12-22 പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. മെൻസ്ട്രുവൽ കപ്പ് വാങ്ങിയതിന്റെ കാഷ് ഇൻവോയ്സ്, സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2)166എണ്ണം വാങ്ങിയതിൽ 156എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ

3) ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 84 ഗുണഭോക്താക്കൾ മാത്രമേ ഉള്ളൂ. 84 ഗുണഭോക്താക്കൾക്ക് 156 വിതരണം ചെയ്തത്

എങ്ങിനെയെന്ന് വ്യക്തമല്ല. അഡിഷണൽ ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്ക് ലഭിച്ചിട്ടില്ല

4) പദ്ധതിയുടെ ഭാഗമായി ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (52/22-12-23) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹49,800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 1-31 സാന്ത്വന പരിചരണം -മരുന്നുകൾ പൂർണ്ണമായും ലഭ്യമല്ല ₹1,16,064 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| പ്രോജക്റ്റ് നമ്പർ / പേര് | 22/23 സാന്ത്വന പരിചരണം |
| അടങ്കൽ | ₹800000 വികസനഫണ്ട് (പൊതു വിഭാഗം)<br>₹300000 ബ്ലോക്ക് പഞ്ചായത്ത്<br>₹300000 ജില്ലാ പഞ്ചായത്ത് |
| ചെലവ് | ₹7,28,202 വികസന ഫണ്ട് (പൊതു വിഭാഗം)<br>₹3,00,000 ബ്ലോക്ക് പഞ്ചായത്ത്<br>₹3,00,000 ജില്ലാ പഞ്ചായത്ത്<br>ബിൽ നമ്പർ 296/6-3-23 ₹300000 |

സാന്ത്വന പരിചരണം പദ്ധതിയിൽ പ്രകാരം കേരള മെഡിക്കൽ സർവ്വീസ കോർപ്പറേഷന്റെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ PRF -3827 തീയതി 21-1-23 പ്രകാരം 300000 രൂപ നൽകിയിട്ടുണ്ട്. മേൽ പ്രകാരം നൽകിയ തുകയിൽ താഴെ കാണിച്ചിട്ടുള്ള ഇൻവോയ്സുകൾ പ്രകാരമുള്ള മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ
ഇൻവോയ്സ് നമ്പർ 4088/18-5-23 ₹ 8520
ഇൻവോയ്സ് നമ്പർ 7051/1-6-23 ₹ 75264
ഇൻവോയ്സ് നമ്പർ 6952/31-5-23 ₹19510
ഇൻവോയ്സ് നമ്പർ 5898/25-5-23 ₹28598
ഇൻവോയ്സ് നമ്പർ 8588/10-6-23 ₹47157
ഇൻവോയ്സ് നമ്പർ 8515/10-6-23 ₹4887

മേൽ ഇൻവോയ്സുകൾ പ്രകാരം ആകെ 183936 രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ 116064 രൂപയുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ട്. ആയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (53/22-12-23) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 116064 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായ വിവരം ബന്ധപ്പെട്ട ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ സഹിതം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 1-32 മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭ്യമല്ല-₹ 122931 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| പ്രോജക്റ്റ് നമ്പർ / പേര് | 23/23 മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹800000 മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ചെലവ് | ₹ 597880<br><br>₹97828 ബിൽ നമ്പർ 87/29-9-22<br>₹59150 ബിൽ നമ്പർ136/6-12-23<br>₹41702 ബിൽ നമ്പർ 178/4-1-23 |

| | |
|---|---|
| | ₹22347 ബിൽ നമ്പർ 180/4-1-23<br>₹350000 ബിൽ നമ്പർ208/27-1-23<br>₹26853 ബിൽ നമ്പർ 210/27-1-23 |

മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം ബിൽ നമ്പർ 208/27-1-23 പ്രകാരം 350000 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ 2989 തീയതി 14-12-22 പ്രകാരമാണ് പ്രസ്തുത തുക KMSCLന് നൽകിയത്. എന്നാൽ നാളിതുവരെ താഴെ കാണിച്ചിട്ടുള്ള പട്ടികയിലെ മരുന്ന് മാത്രമേലഭ്യമായിട്ടുള്ളൂ വിശദ വിവരം ചുവടെ ചേർക്കുന്നു

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| ഇൻവോയ്സ് നമ്പർ 27136 Dt 16-3-23 | ₹ 3074 |
| ഇൻവോയ്സ് നമ്പർ 27266 Dt 20-3-23 | ₹ 22327 |
| ഇൻവോയ്സ് നമ്പർ 1032 Dt 18-4-23 | ₹ 8870 |
| ഇൻവോയ്സ് നമ്പർ 2652 Dt 9-5-23 | ₹ 18769 |
| ഇൻവോയ്സ് നമ്പർ 3253 Dt 12-5-23 | ₹ 3101 |
| ഇൻവോയ്സ് നമ്പർ 3879 Dt 17-5-23 | ₹ 50876 |
| ഇൻവോയ്സ് നമ്പർ6449 Dt 27-5-23 | ₹ 30439 |
| ഇൻവോയ്സ് നമ്പർ9981 Dt 20=6-23 | ₹ 75865 |
| ഇൻവോയ്സ് നമ്പർ10511 Dt 24=6-23 | ₹ 12544 |
| ഇൻവോയ്സ് നമ്പർ9983 Dt 20=6-23 | ₹ 1204 |
| ആകെ ലഭ്യമായ മരുന്ന് | ₹ 227069 |

ആകെ ₹ 227069 രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ ₹ 122931 രൂപയുടെ മരുന്ന് ലഭിക്കാൻ ബാക്കിയുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 50/22-12-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ₹ 122931 രൂപയുടെ മരുന്ന് ലഭിക്കാത്തതിനാൽ ₹ 122931 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമായ വിവരം ബന്ധപ്പെട്ട ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സഹിതം പരിശോധനക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 1-33 സമഗ്ര ആരോഗ്യപരിപാടി പ്രതിരോധപ്രവർത്തനങ്ങൾ -രേഖകൾ ലഭ്യമല്ല ചെലവ്തുക 11,050 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| പ്രോജക്റ്റ് നമ്പർ / പേര് | 127/23 സമഗ്ര ആരോഗ്യ പരിപാടി പ്രതിരോധ പ്രവർത്തനങ്ങൾ അതിഥി തൊഴിലാളികൾക്കുള്ള രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, കുത്തിവെപ്പ് മേൽ പ്രവർത്തനത്തിന് വാഹനവാടക |
| അടങ്കൽ | ₹100000 തനത് ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | ₹91794 തനത് ഫണ്ട് |

| | |
|---|---|
| | ബിൽ നമ്പർ 306/9-3-23 ₹41238 |

സമഗ്ര ആരോഗ്യപരിപാടി പ്രതിരോധപ്രവർത്തനങ്ങൾ അതിഥി തൊഴിലാളികൾക്കുള്ള രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, കുത്തിവെപ്പ് മേൽ പ്രവർത്തനത്തിന് വാഹനവാടക എന്ന പദ്ധതിയിൽ മേൽ ബില്ലിൽ 11,050 രൂപ ഉറവിട നശീകരണവും ബോധവൽക്കരണവും നടത്തിയവകയിൽ 13 വാർഡുകളിലായി ആശ വർക്കർമാർക്ക് വീടൊന്നിന് 5 രൂപ നിരക്കിൽ 11,050രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ വിവരം, ഓരോരുത്തരും പരിശോധന നടത്തിയ വീടുകളുടെ എണ്ണം, മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. മേൽ ചെലവിനാധാരമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമല്ല. അതിനാൽ ചെലവ് തുക 11,050 രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 FHC-യിൽ ജനറേറ്ററും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ പദ്ധതി പൂർത്തീകരണ വിവരം ലഭ്യമല്ല ₹8,19,607/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| പ്രോജക്ട് നമ്പർ / പേര് | 69/23 FHC യിൽ ജനറേറ്ററും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ |
| അടങ്കൽ | ₹821607 മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ചെലവ് | ₹8,19,607/-<br>₹734000 ബിൽ നമ്പർ 216/28-1-23<br>₹85607 ബിൽ നമ്പർ281/1-3-23 |

FHCയിൽ ജനറേറ്ററും അനുബന്ധസൗകര്യങ്ങളും ഒരുക്കൽ എന്ന പദ്ധതിയിൽ പൊതുമരാമത്ത് ഇലക്ട്രിക്കൽ ഉപവിഭാഗം സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം മേൽ ബില്ലുകൾ പ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയായ ₹7,34,000 യും സെന്റേജ് ചാർജ്ജിനത്തിൽ ₹85,607 രൂപയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് ഇലക്ട്രിക്കൽ ഉപ വിഭാഗം തലശ്ശേരി എന്നവരുടെ ബന്ധപ്പെട്ട അക്കൗണ്ടുകളിൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു

1)ബിൽ നമ്പർ 216/28-1-23 പ്രകാരം ₹7,34,000 ട്രാൻസ്ഫർ ചെയ്ത ട്രഷറി ബിൽ പകർപ്പിൽ തുക ആർക്കാണ് ട്രാൻസ്ഫർ ചെയ്തത് എന്ന് കാണിക്കുന്നില്ല. ബില്ലിനൊപ്പം സമർപ്പിച്ച മെഡിക്കൽ ഓഫീസറുടെ നടപടിക്രമങ്ങളിൽ എസ്റ്റിമേറ്റ് തുകയും സെന്റേജ് ചാർജ്ജും പൊതുമരാമത്ത് ഇലക്ട്രിക്കൽ ഉപ വിഭാഗം തലശ്ശേരി എന്നവരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതായി ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ തുക ട്രാൻസ്ഫർ ചെയ്തതിന്റെ ട്രഷറി അക്നോളജ് മെന്റ് രശീതി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

2)FHCയിൽ ജനറേറ്ററും അനുബന്ധസൗകര്യങ്ങളും ഒരുക്കൽ എന്ന പ്രവൃത്തി പൂർത്തീകരിച്ചതിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ,ഇവയുടെ നിലവിലെ പ്രവർത്തനക്ഷമത എന്നിവ ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 51/22-12-23) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ₹8,19,607/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷികവരവ് ചെലവ് കണക്കുകൾ ലഭ്യമാക്കിയിട്ടില്ല

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നുകണ്ടാൽ കണ്ടാൽ അതിനിടക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് അതാത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം ലഭ്യമാക്കുന്ന ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ ഓരോ സാമ്പത്തികവർഷത്തെയും വാർഷിക വരവു ചെലവ് കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. ന്യൂമാഹി ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ ഹോസ്പിറ്റൽ

മാനേജിംഗ് കമ്മറ്റിയുടെ വാർഷികവരവ് ചെലവ് കണക്കുകൾ തയ്യാറാക്കി അക്കൗണ്ടുകളുടെ വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് നാളിതുവരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആശുപത്രി മാനേജിംഗ് കമ്മറ്റി ആദ്യമായി രൂപീകരിച്ചതിന്റെയും ഏറ്റവും ഒടുവിൽ പുനസംഘടിപ്പിച്ചതിന്റെയും വിശദാംശങ്ങൾ അറിയിക്കേണ്ടതും വാർഷികകണക്കുകൾ ഓഡിറ്റിന് ഹാജരാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 45/21-12-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷികവരവ് ചെലവ് കണക്കുകൾ തയ്യാറാക്കി അക്കൗണ്ടുകളുടെ വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-36 കുനിയിൽ ഗവ.സ്കൂളിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -രേഖകൾ ഹാജരാക്കിയിട്ടില്ല -₹137814 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്റ്റ് നമ്പർ / പേര് | 1 10/23 കുനിയിൽ ഗവ.സ്കൂളിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹ 150,000 –മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം |
| ചെലവ് | ₹127221 ബിൽ നമ്പർ/തീയതി:144/09-12-2022<br>₹10593 ബിൽ നമ്പർ/തീയതി:292/06-03-2023<br>₹137814 |

ഐ.ടി ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനായി 3 കമ്പ്യൂട്ടർ, 3 യു.പി.എസ് എന്നിവ വാങ്ങുന്നതിനായി കെൽട്രോണിന് നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. എന്നാൽ കമ്പ്യൂട്ടർ,യു.പി.എസ് എന്നിവ വാങ്ങിയതിന്റെ ഒറിജിനൽ കേഷ് ബില്ല്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല. നോട്ട് ബുക്കിൽ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടുണ്ടെങ്കിലും കമ്പ്യൂട്ടർ, യു.പി.എസ് എന്നിവയുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/16-12-2023) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹137814 തടസ്സപ്പെടുത്തുന്നു. ഒറിജിനൽ കേഷ് ബില്ല്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 കുനിയിൽ ഗവ.സ്കൂളിൽ വയർലെസ്സ് മൈക്ക് സെറ്റ് ,ആംപ്ലിഫയർ സ്പീക്കർ,പോഡിയം വാങ്ങൽ -സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല-₹52000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്റ്റ് നമ്പർ / പേര് | 67/23 കുനിയിൽ ഗവ.സ്കൂളിൽ വയർലെസ്സ് മൈക്ക് സെറ്റ് ,ആംപ്ലിഫയർ സ്പീക്കർ,പോഡിയം വാങ്ങൽ |
| അടങ്കൽ | ₹ 52,000 –വികസന ഫണ്ട് -ജനറൽ |
| ചെലവ് | ₹52000<br>ബിൽ നമ്പർ/തീയതി:144/09-12-2022 |

കുനിയിൽ ഗവ.സ്കൂളിൽ വയർലെസ്സ് മൈക്ക് സെറ്റ്, ആംപ്ലിഫയർ, സ്പീക്കർ, പോഡിയം എന്നിവ വാങ്ങുന്നതിനായി അസിം ഡിസൈനിംഗ് & ഇന്റീരിയേഴ്സ് എന്ന സ്ഥാപനത്തിനാണ് തുക നൽകിയത്. എന്നാൽ ഉപകരണങ്ങൾ ലഭിച്ചത് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/16-12-2023) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹52000 തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-38 തനതു വിഭവ സമാഹരണം-പൊതു അവലോകനം.

ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് തനത് വിഭവസമാഹരണം അവലോകനത്തിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി, ലൈസൻസ്

എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് നികുതിനികുതിയേതര വരവുകളുടെ ശോഷണത്തിന് ഇടയാക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകളിൽ വലിയ വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും ആനുപാതികമായി റവന്യൂ വരവിൽ വർദ്ധനവുണ്ടായിട്ടില്ല. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും പഞ്ചായത്ത് സമിതിയുടെയും തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം (Own Source Revenue) സംബന്ധിച്ച നിലവിലെ സ്ഥിതികൾ അവലോകനം നടത്തിയതിന്റെയടിസ്ഥാനത്തിൽ തനത് വരുമാന വർദ്ധവിനുള്ള നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

വസ്തുനികുതി:

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പ്രകാരം തറവിസ്തീർണ്ണത്തിന്റെയടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് 2011 ജനവരി 14 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക് (വാർഷിക വാടകമൂല്യത്തിന്റെയടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചിരുന്നവ) 2013 ഏപ്രിൽ 1 മുതലുമാണ് വസ്തു നികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 203 പ്രകാരം സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്ക് അവ നിലവിൽ വന്ന തീയതി മുതൽ അഞ്ച് വർഷക്കാലമാണ് പ്രാബല്യമുണ്ടായിരുന്നത്. അടുത്ത അഞ്ച് വർഷക്കാലത്തേക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകളും നിരക്കുകളുടെ പരിധികളും സർക്കാർ പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. ഇതു പ്രകാരം 2018-19 (01-04-2018 പ്രാബല്യത്തിൽ) സാമ്പത്തിക വർഷം മുതൽ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വരേണ്ടതായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കാരിന്റെ 22-03-2023 തീയതിയിലെ സ.ഉ.(കൈ)നമ്പർ.77/2023 /തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 01-04-2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24 പുതിയതായി വസ്തു നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ.(അച്ചടി)25/23 05-04-2023 തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ന്യൂ മാഹി ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ടും മേഖലകൾ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ റോഡുകൾ എന്നിവ പുതുക്കി നിശ്ചയിച്ചും ഭരണസമിതിയുടെ 25-09-2023 തീയതിയിലെ 209/2023 നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പുതുക്കിയ നിരക്കിലാണ് 2023-24 വർഷം നികുതി ഈടാക്കുന്നതെന്ന് ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.3/16.12.23) മറുപടി നൽകി. ഒട്ടുമിക്ക കെട്ടിടങ്ങൾക്കും ഉപവിഭാഗങ്ങൾക്കും കൂടിയ നിരക്ക് തന്നെ അന്തിമ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സേവന ഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല. വരവിനങ്ങളിലെ കുടിശ്ശിക വിവരവും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന കുടിശ്ശിക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. വാണിജ്യ കെട്ടിടങ്ങളിലെയും വാസഗൃഹങ്ങളുടെയും നിയമാനുസൃതം ഒഴിച്ചിടേണ്ട മുൻവശത്തെ ഉറസായ സ്ഥലങ്ങൾ ചട്ടവിരുദ്ധമായി കെട്ടിയടച്ച് നടത്തുന്ന നിർമാണങ്ങൾ പൊളിച്ചു നീക്കുന്നതിനുള്ള നോട്ടീസ് നൽകിയതായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും കെട്ടിടയുടമകൾ 9 ബി ഫാറത്തിൽ നൽകിയ വിവരങ്ങളുടെയടിസ്ഥാനത്തിലും 01-04-2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണ ഉത്തരവിൽ നിഷ്കർഷിച്ച വ്യവസ്ഥകൾ പ്രകാരവും ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന ആരംഭിച്ചിട്ടില്ല. വസ്തുനികുതി ചുമത്തുന്നതിന് കെട്ടിടങ്ങളെ കണ്ടെത്തുന്നതിനുള്ള ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (ജി ഐ എസ്) മാപ്പിംഗ് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കാത്ത സാഹചര്യത്തിൽ മുഴുവൻ കെട്ടിടങ്ങളും ഫീൽഡ് പരിശോധനയിലൂടെ തന്നെ കണ്ടെത്തേണ്ടതുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകൾ അന്തിമമാക്കി സഞ്ചയയിൽ ഉൾപ്പെടുത്തുന്ന തീയതിക്ക് മുൻപ് പഴയ നിരക്കുകളുടെയടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയ മുഴുവൻ പുതിയ കെട്ടിടങ്ങളുടെയും നികുതി പരിഷ്കരിക്കേണ്ടതും നികുതി വ്യത്യാസം ക്രമീകരിക്കേണ്ടതുമുണ്ട്. ഇക്കാര്യം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

വസ്തുനികുതി - സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലെ വീഴ്ച.

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 207-ാം വകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് പ്രസ്തുതകെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവനഉപനികുതി ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.ന്യൂ മാഹി ഗ്രാമപഞ്ചായത്ത് ഇത്തരം

സേവനങ്ങൾക്കായി ലക്ഷക്കണക്കിന് രൂപ ചെലവഴിക്കുന്നുണ്ടെങ്കിലും വസ്തുനികുതിയിൻമേൽ സേവനഉപനികുതി നിശ്ചയിച്ച് ചുമത്തിയിട്ടില്ല. 2023-24 പ്രാബല്യത്തിൽ നടപ്പിലാക്കുന്ന വസ്തുനികുതി പരിഷ്കരണത്തിലും സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന് ചുമത്താവുന്ന സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ലഭിക്കുന്ന സേവനം | നിരക്ക് (കെട്ടിടത്തിന്റെ വസ്തുനികുതിയുടെ ശതമാനം) |
|---|---|---|
| 1 | ശുചിത്വപരിപാലനം | 4 |
| 2 | ജലവിതരണം | 3 |
| 3 | തെരുവ് വിളക്കുകൾ | 2 |
| 4 | ഡ്രെയിനേജ് | 1 |

ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് സേവനഉപനികുതി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

അനധികൃതനിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ അറിയിക്കുന്നതിന് കെട്ടിട ഉടമകളോട് ആവശ്യപ്പെട്ടത് പ്രകാരം 9ബി ഫോറത്തിൽ 324 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുണ്ട്. അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ മാത്രമാണ് കേരള പഞ്ചായത്ത് രാജ് നിയമം 235എഎ പ്രകാരം യു എ നമ്പർ നൽകി വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കാനാകൂ. അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലുണ്ടാകുന്ന വീഴ്ച മൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാകുന്നതിനിടയാക്കുന്നുണ്ട്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

തൊഴിൽനികുതി:

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ പ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ എർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എഞ്ചിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡാറ്റാബേസിന്റെ അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലെയും ഈടാക്കിയതിലെയും കൃത്യത ഉറപ്പുവരുത്താനായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെയും തൊഴിൽ നികുതി ഡാറ്റാ ബേസിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച ഒഴിവാക്കേണ്ടതുമാണ്.

എഫ് ടി ഇ & ഒ എസ് ലൈസൻസ്

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനയുടെ സേവനം പ്രയോജനപ്പെടുത്തിയും വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഫീൽഡ് പരിശോധനയിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും ആയതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അംഗീകാരം വാങ്ങേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത ഇതു സംബന്ധിച്ച രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 അനുസരിച്ചുള്ള FTE & OS ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശഭരണസ്ഥാപനത്തിലെ മുഴുവൻ വ്യാപാരസ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി

അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ:

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ്തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പു വരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. നികുതി നിർണ്ണയ പരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. വസ്തുനികുതി കൃത്യമായി നിർണ്ണയിക്കുന്നതിന് ജി.ഐ.എസ്. അധിഷ്ഠിത വിവര സങ്കേതങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

5. വാണിജ്യ പ്രാധാന്യമുള്ള പ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്ഥലം ഒഴിഞ്ഞു കിടക്കുന്നുണ്ടെങ്കിൽ പാട്ടത്തിന് നല്കി വരുമാനം വർധിപ്പിക്കാവുന്നതാണ്.

6. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

7. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

8. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

9. സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിക്കുന്നതിനും തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാനവർദ്ധനവിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ.(കൈ).നം.84/22/തസ്വഭവ തീയതി 19/04/2022 ഉത്തരവ് ഖണ്ഡിക 5.1-ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. ഇതോടൊപ്പം തന്നെ തനത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 19.12.2023 | നം.കെ.എസ്.എ/കെ.എൻ.ആർ. /സി.7/1989/2023 തീയതി: 27.12.2023 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടുകളുടെ വിവരങ്ങൾ

| തുക നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ട് നമ്പർ, പേര് | ചെലവഴിച്ച തുക |
|---|---|---|---|
| തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 3,00,000 | 22/23 – സാന്ത്വന പരിചരണം | 3,00,000 |
| | 6,60,869 | 42/23-ലൈഫ് സമ്പൂർണ ഭവന പദ്ധതി - ജനറൽ | 6,60,869 |
| | 2,25,690 | 85/23 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,25,690 |
| | 17,00,000 | 111/23 ലൈഫ് ഭവന പദ്ധതി 2020 | 17,00,000 |
| | 25,239 | 144/23 പാലിന് ഇൻസെന്റീവ് | 25,239 |
| | 11,37,000 | 157- കരീക്കുന്നു കുടിവെള്ള പദ്ധതിക്ക് പുതിയ ടാങ്ക് നിർമ്മാണംഅനുബന്ധ സൗകര്യങ്ങൾ | 0 |
| | 5,00,000 | കരിയിൽ പയറ്റ റോഡ് മെയിന്റനൻസ് -164/23 | 0 |
| ആകെ | 45,48,798 | | 29,11,798 |
| ജില്ലാ പഞ്ചായത്ത് | 3,00,000 | 22/23- സാന്ത്വന പരിചരണം | 3,00,000 |
| | 75,230 | 85/23 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 75,230 |
| | 6,000 | 144/23-പാലിന് ഇൻസെന്റീവ് | 6,000 |
| ആകെ | 3,81,230 | | 3,81,230 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ | പ്രവൃത്തിയുടെ | വൗച്ചർ | മുൻകൂർ | വിനിയോഗ | ബാക്കിയുള്ള |
|---|---|---|---|---|---|

| ഏജൻസി | പേര് & നമ്പർ | നം/തീയതി | നൽകിയ തുക | സാക്ഷ്യപത്രം പ്രകാരം ചെലവായ തുക | തുക |
|---|---|---|---|---|---|
| പി.ഡബ്യൂ.ഡി | എഫ് എച്ച്.സി-യിൽ ജനറേറ്റർ അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ 69/23 | 216/28-01-23 | 734000 | 0 | 734000 |
| | | 281/01-03-2023 | 85607 | 0 | 85607 |
| പി.ഡബ്യൂ.ഡി | പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് | 120/26-11-2022 | 220000 | 0 | 220000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

തൻവർഷം വായ്പായിനത്തിൽ വരവില്ല. വായ്പായിനത്തിൽ തിരിച്ചടച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു

| വായ്പ ഇനം | ലഭിച്ച തുക | ഉത്തരവ് | മുൻവർഷാരംഭത്തിൽ തിരിച്ചടക്കാൻ ഉണ്ടായ തുക | ഒടുക്കിയ തുക | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | | | തുക | പലിശ | |
| KURDFC | 15,40,000 | ലഭ്യമല്ല | 10,55,999 | 2,31,082 | | 8,24,917 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 21,90,091 |
| തൻവർഷം നിക്ഷേപിച്ചത് | 1,47,156 |
| ആകെ | 23,37,247 |
| തൻവർഷം പിൻവലിച്ചത് | ഇല്ല |
| വർഷാവസാനം നീക്കിയിരിപ്പ് | 23,37,247 |

വർഷാവസാനം നീക്കിയിരിപ്പുള്ള സ്ഥിരനിക്ഷേപത്തിന്റെ വിവരം

| ക്രമ നമ്പർ | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി | തുക |
|---|---|---|
| 1 | തലശ്ശേരി കോ ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡ് ഡെപ്പോസിറ്റ് നമ്പർ 005001077443/30-6-2021 | 23,27,247 |

| | | |
|---|---|---|
| 2 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് ഓപ്പറേറ്റീവ് ലിമിറ്റഡ്<br>ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 189/8-10-2004 | 10,000 |
| | ആകെ | 23,37,247 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച ₹ 17,127വിശദ വിവരം താഴെ കൊടുക്കുന്നു

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം /ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ/ തീയ്യതി |
|---|---|---|---|---|
| 2013-14 | Para-2-5 H (1), | 240 | വി. രാജീവൻ | 1220903476/3.1.23 |
| 2019-20 | 1-16 | 1091 | സ്മിത കെ.സി. ക്ലർക്ക് | 1220900628/7.6.2022 |
| 2017-18 | 3-4 | 900 | കുമാരൻ പടയാൻകുടി, സെക്രട്ടറി | 1220901441/16.9.2022 |
| 2017-18 | 3-4 | 85 | മനോഹരൻ- ഓഫീസ് അറ്റൻഡന്റ് | 1220901443/16.9.22 |
| 2018-19 | 1-24 | 692 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220901484/22.9.22 |
| 2020-21 | 1-19 | 285 | ശ്രീ.ഗോപ കുമാർ-.കെ.വി -കരാറുകാരൻ | 1220901824dt 21.10.22 |
| 2020-21 | 1-19 | 8769 | ശ്രീ.ഗോപ കുമാർ-കെ.വി -കരാറുകാരൻ | 1220000132dt 21.10.22 |
| 2020-21 | 1-22 | 4097 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220901791dt 20.10.22 |
| 2020-21 | 1-23 | 968 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220901473 Dt 20.9.22 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 31 | 2002-03 | VII.13.11 | പഞ്ചായത്ത് ഫണ്ട് പൊതു മരാമത്ത് -അപാകത | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-5 | 2016-17 | 2 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2016-17 | 2-6 | 2017-18 | 1.13.9 | CRZ പരിധിയിലെ അനധികൃത കെട്ടിട | പരാമർശം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | നിർമ്മാണം | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2,71,43,068 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,60,00,181 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 41,35,410 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 2,20,000 | ശ്രീമതി.ലസിത.കെ.എ(സെക്രട്ടറി) |
| 1-16 | 30,000 | ശ്രീമതി.ലസിത.കെ.എ (സെക്രട്ടറി ) |
| 1-17 | 635795 | ശ്രീമതി.ലസിത.കെ.എ (സെക്രട്ടറി ) |
| 1-18 | 4,00,100 | 66,362-ശ്രീ.അരുൺ ജിതേഷ്.ആർ(സെക്രട്ടറിയുടെ ചുമതല) |
| | | 3,33,738 ശ്രീമതി.ലസിത.കെ.എ (സെക്രട്ടറി ) |
| 1-19 | 4,80,000 | ശ്രീമതി.രശ്മി(കൃഷി ഓഫീസർ) |
| 1-20(എ) | 10,000 | ശ്രീമതി.രശ്മി (കൃഷി ഓഫീസർ) |
| 1-20 (ബി.) | 30,000 | ശ്രീമതി.രശ്മി (കൃഷി ഓഫീസർ) |
| 1-20 (സി.) | 30,000 | ശ്രീമതി.രശ്മി (കൃഷി ഓഫീസർ) |

| | | |
|---|---|---|
| | | |
| 1-24 | 4,49,100 | ശ്രീമതി.സരിത.കെ.വി (അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ) |
| 1-25 | 33,349 | ശ്രീമതി.സരിത.കെ.വി (അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ) |
| 1-26 | 50,000 | ശ്രീമതി.ജീന.കെ (ഐ.സി.ഡി.എസ് സൂപ്പർവൈസർ) |
| 1-28 | 1,87,800 | ശ്രീമതി.റജി ഉണോളി (വി ഇ ഒ-കുറിച്ചിയിൽ) |
| 1-29 | 2,70,000 | ശ്രീമതി.റജി ഉണോളി (വി ഇ ഒ-കുറിച്ചിയിൽ) |
| 1-30 | 49,800 | ഡോ.റോഷ്ന രവീന്ദ്രൻ (മെഡിക്കൽ ഓഫീസർ -എഫ്.എച്ച്.സി ) |
| 1-31 | 116064 | |
| 1-32 | 122931 | |
| 1-33 | 11,050 | |
| 1-34 | 8,19,607 | |
| 1-36 | 1,37,814 | ശ്രീ.രഞ്ജിത്ത് കുമാർ.എം (ഹെഡ്മാസ്റ്റർ) |
| 1-37 | 52,000 | ശ്രീ.രഞ്ജിത്ത് കുമാർ.എം (ഹെഡ്മാസ്റ്റർ) |
| | 41,35,410 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര്, തസ്തിക | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീമതി.ലസിത.കെ.എ (സെക്രട്ടറി ) | സെക്രട്ടറി,<br>ന്യൂമാഹി ഗ്രാമ പഞ്ചായത്ത് | കണിയാന്റെ പൊയിൽ ഹൗസ്,<br>ടെംമ്പിൾ ഗേറ്റ് (പി ഒ), തലശ്ശേരി-670102 |
| ശ്രീ.അരുൺ ജിതേഷ്.ആർ (സെക്രട്ടറിയുടെ ചുമതല) | സൂപ്രണ്ട്,ചെങ്ങന്നൂർ നഗരസഭ | വട്ടത്തിൽ ഹൗസ്,<br>ആർപ്പൂക്കര, കോട്ടയം<br>686008 |
| ശ്രീമതി.രശ്മി (കൃഷി ഓഫീസർ) | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ(കെമിസ്റ്റ്), | മാണിക്ക്യപൊറ്റ ഹൗസ്, |

| | | |
|---|---|---|
| | അശ്മാർക്ക് ലബോറട്ടി,തത്തമംഗലം , പാലക്കാട് | അല്ലപ്പാറ (പി ഒ) പെരുമ്പാവൂർ-686556 |
| ശ്രീമതി.സരിത.കെ.വി (അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ) | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ, മത്സ്യഭവൻ, തലശ്ശേരി | പ്രസാദ് നിവാസ്, പാവന്നൂർ മൊട്ട (പി ഒ) |
| ശ്രീമതി.ജീന.കെ (ഐ.സി.ഡി.എസ് സൂപ്പർവൈസർ) | ഐ.സി.ഡി.എസ് സൂപ്പർവൈസർ, പാനൂർ ഐ.സി.ഡി.എസ് | ആർദ്രം, നങ്ങാറത്ത് പീടിക , ടെംമ്പിൾ ഗേറ്റ്(പി ഒ) |
| ശ്രീമതി.റജി ളുണോളി (വി.ഇ.ഒ -കുറിച്ചിയിൽ) | വി.ഇ.ഒ - ചൊക്ലി ഗ്രാമ പഞ്ചായത്ത് | ദേവ് ഘർ, ചൊക്ലി (പി ഒ) |
| ഡോ.റോഷ്ന രവീന്ദ്രൻ (മെഡിക്കൽ ഓഫീസർ -എഫ് എച്ച് സി ) | മെഡിക്കൽ ഓഫീസർ, മേക്കുന്ന് പി.എച്ച്.സി | സൗപർണ്ണിക, മങ്ങാട് , ചൊക്ലി |
| ശ്രീ.രഞ്ജിത്ത് കുമാർ.എം (ഹെഡ്മാസ്റ്റർ) | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്-ചെറുകുന്ന് സൗത്ത് | മാട്ടുക്കാരൻ, (ഏഴോം പി.ഒ) |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.7/1392/2022 തീയതി 15.12.2022 | 5 |
| 1998-99 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.7/1392/2022 തീയതി 15.12.2022 | 8 |
| 2000-01 പ്ലാൻ | നം.കെ.എസ്.എ/കെ.എൻ.ആർ /സി.7/1392/2022 തീയതി 15.12.2022 | 4 |
| 2002-03 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.7/1392/2022 തീയതി 15.12.2022 | 3 |
| 2006-07 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.7/1392/2022 തീയതി 15.12.2022 | 7 |
| 2007-08 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.7/1392/2022 തീയതി 15.12.2022 | 1 |
| 2008-09 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.7/1392/2022 തീയതി 15.12.2022 | 1 |
| 2009-10 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.7/1392/2022 തീയതി 15.12.2022 | 1 |
| 2010-11 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.7/1392/2022 തീയതി 15.12.2022 | 1 |
| 2011-12, 2012-13 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.7/1392/2022 തീയതി 15.12.2022 | 1 |

| | | |
|---|---|---|
| 2013-14, 2014-15 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.7/1392/2022 തീയതി 15.12.2022 | 3 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.7/1392/2022 തീയതി 15.12.2022 | 3 |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.7/1392/2022 തീയതി 15.12.2022 | 12 |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.7/1392/2022 തീയതി 15.12.2022 | 7 |
| 2019-20 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.7/305/2022 തീയതി 5.5.2022 | 16 |
| 2020-21 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.7/915/2022 തീയതി 26.7.2022 | 23 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി.7/300/2023 Dt28.3.2023 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 162/2023 dated 12-07-2023 and submitted on 19-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the New Mahe Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of New Mahe Grama Panchayat for the year 2022-2023

Date: 27/12/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of New Mahe Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

2. Lapses in making timely and accurate demand entries in respect of tax and non tax revenue

3.The following mandatory Financial Statements such as B1 schedule, Ratios, comparitive amounts for the preceding year&Notes on Account prescribed in 2011 Kerala Panchayat Raj Accounting rules are not submitted for audit

4.Asset register has not been updated the accuracy of the amounts as per B-11 Schedule can be verified.

5.C M D R F Liability to Govt wrongly booked in B4 Schedule ,and C M D R F & Flood cess not remitted

6.Grant liability amount shown as liability in Balancesheet(CFC grant , Distress relief fund) does not match with Bank account opened for the specified grant account.
7.Deposit work for which utilisation certificate is not obtained is not shown in B-18 schedule
8-Amount of S C P Fund (13,950) has not deducted from life loan
9.Block Panchayat share closing balance not matching with B-4 Schedule of Balance sheet

10. Beneficiary contribution closing balance has not been clarified

11.Amount spent for asset creation using specific grant is not transferred to capital contribution as per B-3 schedule
12.Stock - in-hand has not been updated

13.Festival advance , closing balance mis match with concerned registers
14.Manual appropriation control register has not been maintained

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| New Mahe Grama Panchayat | | | |
|---|---|---|---|
| For the period from 01-April-2022 to31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 19174432.00 |
| Cash | Cash | RP-40(a) | 188357.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 712680.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 841725.00 |
| 150000000 | Sale & Hire Charges | RP-5 | 83444.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 8161000.00 |
| 171000000 | Interest Earned | RP-9 | 489613.00 |
| 190000000 | Prior Period Income | RP-11 | 25976.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 10.00 |
| 311000000 | Earmarked Funds | RP-28 | 3423.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 10879854.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5051908.00 |
| 460000000 | Loans, Advances and Deposits | RP-49 | 89282.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 27837.00 |
| 340000000 | Deposits Received | RP-33 | 42095.00 |
| 350000000 | Other Liabilities | RP-35 | 734221.00 |
| | Grand total | | 46505857.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 3900.00 |
| 230000000 | Operations & Maintenance | RP-14 | 52050.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 6.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1537517.00 |
| 460000000 | Loans, Advances and Deposits | RP-49 | 1196361.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 77660.00 |
| 350000000 | Other Liabilities | RP-35 | 23132687.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 20505512.00 |
| Cash | Cash | RP-40(b) | 164.00 |
| | Grand Total | 46505857 | |

## Annex3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| |
|---|
| New Mahe Grama Panchayat |
| INCOME & EXPENDITURE STATEMENT |

| For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3750982.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 919741.00 |
| 140000000 | Fee & User Charges | I-4 | 1153805.00 |
| 150000000 | Sale & Hire Charges | I-5 | 83444.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 73228262.00 |
| 170000000 | Income from Investments | I-7 | 147156.00 |
| 171000000 | Interest Earned | I-8 | 489613.00 |
| 180000000 | Other Income | I-9 | 27837.00 |
| | Total Income | | 79800840 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 9730893.00 |
| 220000000 | Administrative Expenses | I-11 | 866832.00 |
| 230000000 | Operations & Maintenance | I-12 | 982236.00 |
| 240000000 | Interest & Finance Charges | I-13 | 27954.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3505206.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 20515319.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 5821990.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 3562496.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 25622600.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 571870.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 2716653.00 |

| | | | |
|---|---|---|---|
| 190000000 | Prior Period Income | I-19 | 31071.00 |
| | Total Expenditure | 73924049 | |
| | Gross Surplus / Deficit of income over Expenditure | 5876791.00 | |
| | Gross Surplus/Deficit of income over Expenditure | 5904774.00 | |
| 290000000 | Transfer to Reserve Funds/Prior Period Item (ILGMS) | I-18 | 3088.00 |
| 190000000 | Prior Period Income | I-19 | 31071.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | 27983.00 | |

## Annex3-3

## ബാലൻസ് ഷീറ്റ്

| New Mahe Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2023 | | | |
| Code. No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 26732639.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 83582.00 |
| 312000000 | Reserves | B-3 | 22619597.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7360863.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 838867.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 821281.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1780540.00 |
| 360000000 | Provisions | B-10 | 0.0 |
| | Total | | 60237369 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 293606.00 |
| 412000000 | Capital Work in Progress | B-11(b) | 412394.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 136.00 |

| | | | |
|---|---|---|---|
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 16608689.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 34086143.00 |
| 416000000 | Accumulated Depreciation | B-11(a) | -16617874.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 2337247.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 25000.00 |
| 431000000 | Sundry Debtors (Receivables) | B-15 | 1559741.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 20505676.00 |
| 460000000 | Loans, Advances and Deposits | B-18 | 1026611.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | 0.0 | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | 0.0 | |
| | TOTAL | 60237369 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.